بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11

ലക്കം 03

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2026 ജനുവരി 15 • ഹി.ശം 1405 സ്വുൽഹ് 15 • ഹി:ഖ 1447 റജബ് 25

## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ یُبَایِعُوۡنَکَ اِنَّمَا یُبَایِعُوۡنَ اللّٰہَ ؕ یَدُ اللّٰہِ فَوۡقَ اَیۡدِیۡہِمۡ ۚ فَمَنۡ نَّکَثَ فَاِنَّمَا یَنۡکُثُ عَلٰی نَفۡسِہٖ ۚ وَمَنۡ اَوۡفٰی بِمَا عٰہَدَ عَلَیۡہُ اللّٰہَ فَسَیُؤۡتِیۡہِ اَجۡرًا عَظِیۡمًا ﴿۱۱﴾

നിന്നോടു അനുസരണ പ്രതിജ്ഞ ചെയ്യുന്നവർ തീർച്ചയായും അല്ലഹുവിനോടു തന്നെയാണ് അനുസരണ പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കുമേലുണ്ട്. അതിനാൽ വല്ലവനും (ആ പ്രതിജ്ഞ)ലംഘിക്കുന്നതായാൽ അവന്റെ സ്വന്തം ആത്മാവിന് ദോഷകരമായിട്ടാണവൻ ലംഘിക്കുന്നത്. അല്ലാഹുവിനോടു ചെയ്ത കരാറിനെ വല്ലവനും പൂർത്തിയക്കുന്നതായാൽ അവന് അല്ലാഹു മഹത്തായ പ്രതിഫലം നല്കുന്നതാണ്.(48:11)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

തിരുനബിﷺയുടെ തിരുവചനങ്ങൾ:

# മഞ്ഞുകട്ടയുടെമീതെ ഇഴഞ്ഞു പോകേണ്ടിവന്നാലും ആഗതനാകുന്ന വാഗ്ദത്ത പരിഷ്കർത്താവിന് ബയ്അത്ത് ചെയ്യുക.

عَنۡ ثَوۡبَانَ قَالَ، قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ یَقۡتَتِلُ عِنۡدَ کَنۡزِکُمۡ ثَلَاثَۃٌ کُلُّھُمۡ ابۡنُ خَلِیۡفَۃٍ ثُمَّ لَا یَصِیۡرُ اِلٰی وَاحِدٍ مِنۡھُمۡ ثُمَّ تَطۡلُعُ الرَّایَاتُ السُّوۡدُ مِنۡ قِبَلِ الۡمَشۡرِقِ فَیَقۡتُلُوۡنَکُمۡ قَتۡلًا لَمۡ یُقۡتَلۡہُ قَوۡمٌ ثُمَّ ذَکَرَ شَیۡئًا لَا اَحۡفَظُہٗ فَقَالَ فَاِذَا رَاَیۡتُمُوۡہُ فَبَایِعُوۡہُ وَلَوۡ حَبۡوًا عَلَی الثَّلۡجِ فَاِنَّہٗ خَلِیۡفَۃُ اللّٰہِ الۡمَھۡدِیُّ (ابن ماجہ کتاب الفتن باب خروج المھدی)

ഹദ്റത്ത് ഥൗബാൻرضي الله عنه പറയുന്നു: നബിﷺതിരുമേനി പറഞ്ഞു: നിങ്ങളുടെ ഒരു ഖജ്നാവിന്നടുത്തുവെച്ച് മൂന്നാളുകൾ പരസ്പരം യുദ്ധം ചെയ്യും. അവരിലോരോരുത്തരും ഖലീഫയുടെ മകനായിരിക്കും. പക്ഷേ, അവരിലാർക്കും ആ ഖജ്നാവ് ലഭിക്കുകയില്ല. പിന്നീട് കിഴക്കുഭാഗത്തുനിന്ന് കറുത്ത പതാകകൾപ്രത്യക്ഷപ്പെടുന്നതായിരിക്കും. അതിനുമുമ്പേ ആരും ചെയ്യാത്തവിധം അവർ നിങ്ങളെ വധിക്കുന്നതായിരിക്കും. പന്നീട് കുറച്ചുകൂടി നബിﷺതിരുമേനി വിവരിച്ചു. അതെനിക്കു ഓർത്തുവെക്കാൻ കഴിഞ്ഞില്ല. അതിനുശേഷം നബിﷺതിരുമേനി പറഞ്ഞു: അതുകൊണ്ട് അദ്ദേഹം പ്രത്യക്ഷപ്പെടുന്നതു കണ്ടാൽ, മഞ്ഞുകട്ടയുടെ മീതെ ഇഴഞ്ഞുപോകേണ്ടിവന്നാലും പോയി അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുക. കാരണം അദ്ദേഹം അല്ലാഹുവിന്റെ ഖലീഫ മഹ്ദിയായിരിക്കും.”

**മനുഷ്യൻ തന്റെ ദൗർബല്യതയേയും ബലഹീനതയേയും പൂർണമായും ഓർക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നത് ദുആയ്ക്ക് അനിവാര്യമായിട്ടുള്ള കാര്യമാണ്. അവൻ തന്റെ ദൗർബല്യത്തെ കുറിച്ച് ചിന്തിക്കുന്തോറും താൻ അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. ഈ രീതിയിൽ ദുആ ചെയ്യുന്നതിനുവേണ്ടി അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നതായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

**ഖുലിഖൽ ഇൻസാനു ളയീഫാ**(4:29)എന്ന കാര്യം സത്യംതന്നെയാണ്. അവന് അല്ലാഹുവിന്റെ ഫള്ലും കരുണയും കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അവന്റെ അസ്തിത്വവും അവന്റെ പരിപാലനവും ജീവിതം നിലനിറുത്തുന്നതിനുള്ള വസ്തുക്കളുമെല്ലാം അല്ലാഹുവിന്റെ ഫള്ലിൽ നിറുത്തപ്പെട്ടിരിക്കുന്നു. തന്റെ ബുദ്ധിയിലും തന്റെ അറിവിലും തന്റെ ധനത്തിലും സമ്പത്തിലും അഭിമാനിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹു പ്രദാനം ചെയ്തിട്ടുള്ളതാണ്. അല്ലാതെ അവൻ എവിടെന്നാണ് കൊണ്ടുവന്നത്? മനുഷ്യൻ തന്റെ ദൗർബല്യതയേയും ബലഹീനതയേയും പൂർണമായും ഓർക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നത് ദുആയ്ക്ക് അനിവാര്യമായിട്ടുള്ള കാര്യമാണ്. അവൻ തന്റെ ദൗർബല്യത്തെ കുറിച്ച് ചിന്തിക്കുന്തോറും താൻ അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. ഈ രീതിയിൽ ദുആ ചെയ്യുന്നതിനുവേണ്ടി അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നതായിരിക്കും. അവൻ ഏതെങ്കിലും നാശത്തിൽ അകപ്പെടുകയും ദുഃഖമോ ഞെരുക്കുമോ തോന്നുകയും ചെയ്യുമ്പോൾ വളരെ ശക്തിയോടുകൂടി നിലവിളിക്കുകയും മുറവിളി കൂട്ടുകയും മറ്റുളളവരോടു സഹായം യാചിക്കുകയും ചെയ്യുന്നു. ഇപ്രകാരം അവൻ തന്റെ ദൗർബല്യങ്ങളിലും പിഴവുകളിലും ചിന്തിക്കുകയാണെങ്കിൽ, താനെപ്പോഴും അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. അപ്പോൾ അവന്റെ ആത്മാവ് പൂർണമായ ആവേശവും വേദനയുംകൊണ്ട് അസ്വസ്ഥനായി ദൈവസവിധത്തിൽ വീഴുകയും മുറവിളികൂട്ടുകയും യാ റബ്ബീ, യാ റബ്ബീ എന്നു പറഞ്ഞുകൊണ്ട് നിലവിളിക്കുകയും ചെയ്യുന്നു. ശ്രദ്ധയോടുകൂടി വിശുദ്ധ ഖുർആൻ നോക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും ആദ്യത്തെ സൂറത്തിൽത്തന്നെ അല്ലാഹു ദുആയുടെ പാഠം നല്കിയിരിക്കുന്നുവെന്ന്! **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം ഗയ്രിൽമഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ**(1:6 – 7).

സകല ഫലങ്ങളും നേട്ടങ്ങളും ഉൾക്കൊള്ളുകയും എല്ലാ നഷ്ടങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുമ്പോഴാണ് ദുആ എല്ലാം അടങ്ങുന്നതാകുന്നത്. അതുകൊണ്ട് എല്ലാ ഉത്തമമായ ലാഭങ്ങളും കിട്ടുന്നതിനും ഏറ്റവും നഷ്ടമുണ്ടാക്കുന്ന കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുമുള്ള ദുആയാണ് ഇതിലുള്ളത്.

ഞാൻ പലപ്പോഴും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, അനുഗ്രഹം ലഭിച്ചിട്ടുള്ളവർ നാലു തരത്തിലുള്ള ആളുകളാണ്. ഒന്നാമത്തേത് നബി, രണ്ടാമത്തേത് സിദ്ദീഖ്, മൂന്നാമത്തേത് ശഹീദ്, നാലാമത്തേത് സ്വാലിഹീൻ. അതിനാൽ ഈ ദുആയിൽ ഈ നാലു സംഘക്കാരുടേയും ശ്രേഷ്ഠതകൾ ആവശ്യപ്പെടുകയാണ്.*(മൽഫൂദാത്ത് വാല്യം 1, പേജ് 372, പ്രസാധനം 2018 ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**'തബൂക് യുദ്ധത്തിൽനിന്ന് വിട്ട് നിന്നവരോട് അല്ലാഹു കടുത്ത അതൃപ്തി പ്രകടിപ്പിച്ചു. ഈ വചനങ്ങളിൽ അത് വ്യക്തമാണ്. ഈ ആളുകൾ ഫാസിഖുകൾ (ധിക്കാരികൾ)ആണെന്ന് പറഞ്ഞു. അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതിൽനിന്ന് വിട്ടു നിൽക്കുക. ഖബറിനടുത്ത് പ്രാർത്ഥിക്കുന്നതിൽ നിന്നും നബി(സ)തിരുമേനിയെ വിലക്കി. കൂടാതെ, ഇനിമേൽ അവർ ഒരു ഉദ്യമത്തിലും ഭാഗഭാക്കാകുകയോ ഒരു യുദ്ധത്തിലും ചേരുകയോ ചെയ്യില്ല എന്ന വിലക്കും ഏർപ്പെടുത്തി.**

**നബി(സ)തിരുമേനി പോയതിനുശേഷം ഞാൻ പുറത്തിറങ്ങുകയും ആളുകൾക്കിടയിലൂടെ നടക്കുകയും ചെയ്യുമ്പോൾ കപടവിശ്വാസത്തിന്റെ കുറ്റം ചുമത്തപ്പെട്ടവരെയോ അല്ലാഹു ഒഴിവുകഴിവ് നൽകിയ ദുർബ്ബലരായ ആളുകളെയോ മാത്രം കണ്ട് ഞാൻ ഏറെ വിഷമിച്ചു. നബി(സ)തിരുമേനി തബൂക്കിൽ എത്തിയപ്പോൾ എന്നെ അന്വേഷിക്കുകയും ചെയ്തു. നബി(സ)തിരുമേനി തബൂക്കിൽ ജനങ്ങളോടൊപ്പം ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: 'കഅ്ബ് എവിടെയാണുള്ളത്?'**

**ഞാൻ നമസ്കരിക്കുമ്പോൾ അവിടന്ന് ഇടംകണ്ണുകൊണ്ട് എന്നെ നോക്കുമായിരുന്നു. ഞാൻ അങ്ങയോടു അടുത്തുനിന്ന് നമസ്കരിക്കുകയും അങ്ങയെ നോക്കുകയും ചെയ്യുമായിരുന്നു. ഞാൻ നമസ്കരിക്കുമ്പോൾ അവിടന്ന് എന്നെ നോക്കും. എന്നാൽ, ഞാൻ അങ്ങയെ ശ്രദ്ധിക്കുമ്പോൾ അവിടന്ന് എന്നിൽനിന്ന് മുഖം തിരിക്കും.'**

**തബൂക്ക് യുദ്ധവുമായി ബന്ധപ്പെട്ട കൂടുതൽ വിവരണം**

**ഹാഫിള് മുഹമ്മദ് ഇബ്റാഹീം ആബിദ് സാഹിബ്(മുറബ്ബിയെ സിൽസില), ലൈബീരിയായിലെ മുഅല്ലിം ശെയ്ഖ് അബൂബക്ർ ജോർജ് സാഹിബ്, ലൈബീരിയായിലെ ഡോക്ടർ ഫള്ൽ മഹ്മൂദ് ഭന്നുൻ സാഹിബിന്റെ ഭാര്യയായിരുന്ന സമീന ഭന്നുൻസാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണങ്ങൾ**

**ഖുത്വ്ബ ജുമുഅ 28 നവംബർ 2025 1404 നുബുവ്വത്ത് 28 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തബൂക്ക് യാത്രയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന കൂടുതൽ വിശദീകരണങ്ങൾ ഇന്ന് ഞാൻ വിവരിക്കുന്നതാണ്. കഴിഞ്ഞ ഖുത്വ്ബകളിൽ ഇവ വിവരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സൂചിപ്പിച്ചതുപോലെ, ചില മുനാഫിഖുകൾ(കപടവിശ്വാസികൾ) യുദ്ധത്തിനു പോകാൻ വിസമ്മതിക്കുകയും പലതരം ഒഴികഴിവുകൾ പറയുകയും ചെയ്തിരുന്നു. എന്നാൽ, മദീനയിൽ തിരിച്ചെത്തിയ ശേഷവും മുനാഫിഖുകൾ കൂടെപോകാതിരുന്നതിന് ന്യായീകരണങ്ങളും ഒഴിവുകഴിവുകളും പറയുന്നുണ്ട്. ഇതിനെക്കുറിച്ച് വിശുദ്ധഖുർആനിലും പരാമർശമുണ്ട്. നബിﷺ തിരുമേനി ഒരു യാത്ര കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തിയാൽ ആദ്യം പള്ളിയിൽ പോയി രണ്ടു റക്അത്ത് നമസ്കരിക്കുക എന്നത് അവിടത്തെ സുന്നത്തായിരുന്നു. അങ്ങനെ, അവിടന്ന് തബൂക്കിൽ നിന്ന് തിരിച്ചുന്നപ്പോൾ ഉച്ചയ്ക്ക് മുമ്പേയാണ് മദീനയിൽ പ്രവേശിച്ചത്. ആദ്യം പള്ളിയിൽ ചെന്ന് രണ്ടു റക്അത്ത് നമസ്കരിച്ചു. ഞാൻ പറഞ്ഞതുപോലെ, അവിടന്ന് ഓരോ യാത്രയിൽനിന്ന് തിരിച്ചുവരുമ്പോൾ ഇങ്ങനെ ചെയ്യാറുണ്ടായിരുന്നു.

നവാഫിൽ(നഫ്ൽ നമസ്കാരം) പൂർത്തിയാക്കിയശേഷം അവിടന്ന് മസ്ജിദിൽത്തന്നെ ഇരുന്നു. ആളുകൾ നബിയെ സന്ദർശിക്കാനും കാണാനുംവേണ്ടി എത്തിത്തുടങ്ങി. അതുപോലെ, ഈമാനിന്റെ ബലഹീനതയും കപടതയും കാരണം യാത്രയിൽ പങ്കെടുക്കാത്തവരും വന്നു തുടങ്ങി.പ്രത്യേകിച്ച് പ്രതീക്ഷകൾ നഷ്ടപ്പെട്ടുപോയ മുനാഫിഖുകൾ കൂടുതൽ നാണക്കേടും ലജ്ജയും ഒഴിവാക്കാൻ വേണ്ടി സത്യം ചെയ്യാനും പലതരം ഒഴികഴിവുകളും ന്യായീകരണങ്ങളും പറയാനും തുടങ്ങി. ചരിത്രകാരന്മാർ എഴുതുന്നത്, ഈയാളുകൾ ഏകദേശം എൺപത് പേരുണ്ടായിരുന്നുവെന്നാണ്. എന്നാൽ, ചില നിവേദനങ്ങൾ അനുസരിച്ച് അതിലുംകൂടുതൽ ആളുകളുണ്ടായിരുന്നു. നബിﷺതിരുമേനി അവരുടെ ബാഹ്യമായ ഒഴികഴിവുകൾ സ്വീകരിക്കുകയും അവരിൽ നിന്ന് ബയ്അത്തെടുക്കുകയു ം അവർക്കുവേണ്ടി പാപമോചനത്തിന് പ്രാർഥിക്കുകയും ചെയ്തു. അവരുടെ ആന്തരികമായ കാര്യം അല്ലാഹുവിന് വിട്ടുകൊടുത്തു. എന്നാൽ, ഈ മുനാഫിഖുകളുടെ കുറ്റം മാപ്പർഹിക്കാത്തതായിരുന്നു. അതകൊണ്ട് അല്ലാഹു വെളിപാടുവഴി നബിﷺതിരുമേനിക്ക് വെളിപ്പെടുത്തിക്കൊടുത്തു, ഇവർ അങ്ങേയറ്റം ദുഷിച്ചവരാണ്. അല്ലാഹു ഇനിയൊരിക്കലും അവരോടു തൃപ്തനാവുകയില്ലെന്ന്! ഈ ആളുകളെക്കുറിച്ച് സൂറത്തു തൗബയിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

**യഅ്തദിറൂന ഇലയ്ക്കും ഇദാ റജഅ്ത്തും ഇലയ്ഹിം. ഖുൽല്ലാതഅ്തദിറൂ ലന്നുഅ്മിന ലക്കും ഖദ് നബ്ബഅനല്ലാഹു മിൻ അഖ്ബാരിക്കും വസയറല്ലാഹു അമലക്കും വ റസൂലുഹു ഥുമ്മ തുറദ്ദൂന ഇലാ ആലിമിൽ ഗയ്ബി വശ്ശഹാദത്തി ഫ യുനബ്ബിഉക്കും ബിമാ കുൻതും തഅ്മലൂൻ. സയഹ്‌ലിഫൂന ബില്ലാഹി ഇദൻഖലബ്ത്തും ഇലയ്ഹിം ലി തുഅ്രിളൂ അൻഹും ഫഅഅ്രിളൂ അൻഹും ഇന്നഹും രിജ്സുൻവ്വമഅ്വാഹും ജഹന്നമു ജസാഉൻബിമാ കാനൂ യക്സിബൂൻ. യഹ്‌ലിഫൂന ലക്കും ലി തർളൗ അൻഹും ഫഇൻ തർളൗ അൻഹും ഫഇന്നല്ലാഹ ലാ യർളാ അനിൽ ഖൗമിൽ ഫാസിഖീൻ**

"നിങ്ങൾ അവരുടെ അടുത്ത് മടങ്ങിച്ചെല്ലുമ്പോൾ അവർ നിങ്ങളോടു ഒഴികഴിവുകൾ പറയും. പറയുക: 'ഒഴികഴിവുകൾ പറയേണ്ട. ഞങ്ങൾ നിങ്ങളെ ഒരിക്കലും വിശ്വസിക്കുകയില്ല. നിങ്ങളുടെ അവസ്ഥകളെക്കുറിച്ച് അല്ലാഹു ഞങ്ങൾക്ക് വിവരം നൽകിയിരിക്കുന്നു. അല്ലാഹുവും അവന്റെ റസൂലും നിങ്ങളുടെ പ്രവൃത്തികൾ തീർച്ചയായും കാണുന്നു.

പിന്നീട് നിങ്ങൾ അദൃശ്യവും ദൃശ്യവുമായ കാര്യങ്ങൾ അറിയുന്നവന്റെ അടുത്ത് മടക്കപ്പെടും. അപ്പോൾ നിങ്ങൾ ചെയ്തുകൊണ്ടിരുന്നതിനെക്കുറിച്ച് അവൻ നിങ്ങളെ അറിയിക്കും.

'നിങ്ങൾ അവരുടെ അടുത്ത് മടങ്ങിച്ചെല്ലുമ്പോൾ, അവരെവിട്ട് നിങ്ങൾ തിരിഞ്ഞുകളയാൻ വേണ്ടി അവർ നിങ്ങളുടെ മുന്നിൽ അല്ലാഹുവിന്റെ പേരിൽ തീർച്ചയായും സത്യം ചെയ്യും. അതിനാൽ നിങ്ങൾ അവരെവിട്ട് തിരിഞ്ഞുകളയുക. നിശ്ചയം അവർ അശുദ്ധരാകുന്നു.(വൃത്തികെട്ടവരാണ്). അവർ പ്രവർത്തിച്ചതിന്റെ പ്രതിഫലമായി നരകമാണ് അവരുടെ സങ്കേതം. നിങ്ങൾ അവരെക്കുറിച്ച് തൃപ്തരാകാൻ വേണ്ടി അവർ നിങ്ങളുടെ മുന്നിൽ സത്യം ചെയ്യും. അതിനാൽ നിങ്ങൾ അവരെക്കുറിച്ച് തൃപ്തരായാലും. ധിക്കാരികളായ ജനതയെക്കുറിച്ച് അല്ലാഹു ഒരിക്കലും തൃപ്തനാകുകയില്ല.(9:94-96)

'തബൂക് യുദ്ധത്തിൽനിന്ന് വിട്ട് നിന്നവരോട് അല്ലാഹു കടുത്ത അതൃപ്തി പ്രകടിപ്പിച്ചു. ഈ വചനങ്ങളിൽ അത് വ്യക്തമാണ്. ഈ ആളുകൾ ഫാസിഖുകൾ (ധിക്കാരികൾ)ആണെന്ന് പറഞ്ഞു. അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുക. ഖബറിനടുത്ത് പ്രാർത്ഥിക്കുന്നതിൽ നിന്നും നബിﷺതിരുമേനിയെ വിലക്കി. കൂടാതെ, ഇനിമേൽ അവർ ഒരു ഉദ്യമത്തിലും ഭാഗഭാക്കാകുകയോ ഒരു യുദ്ധത്തിലും ചേരുകയോ ചെയ്യില്ല എന്ന വിലക്കും ഏർപ്പെടുത്തി. അല്ലാഹു ഇപ്രകാരം പറയുന്നു:

**ഫരിഹൽ മുഖല്ലഫൂന ബിമഖ്അദിഹിം ഖിലാഫ റസൂലില്ലാഹി വ കരിഹൂ അൻയ്യുജാഹിദൂ ബി അംവാലിഹിം വ അൻഫുസിഹിം ഫീ സബീലില്ലാഹി വ ഖാസൂ ലാ തൻഫിറൂ ഫിൽഹർറി. ഖുൽ നാറു ജഹന്നമ അശദ്ദു ഹർറാ ലവ് കാനൂ യഫ്ഖഹൂൻ ഫൽയള്ഹക്കൂ ഖലീലൻ വ്വയൽബക്കൂ ഖഥീറൻ ജസാഅൻ ബിമാ കാനൂ യക്സിബൂൻ. ഫഇൻ റജഅക്കല്ലാഹു ഇലാ ത്വാഇഫത്തിൻമ്മിൻഹും ഫസ്തഅ്ദനൂക്ക ലിൽഖുറൂജി ഫഖുൽ ലൻതഖ്റുജൂ മഇയ അബദാ വലൻതുഖാത്തിലൂ മഇയ അദുവ്വാ ഇന്നക്കും റളീത്തും ബിൽഖുഊദി അവ്വല മർറത്തിൻ ഫഖ്ഉദൂ മഅൽ ഖാലിഫീൻ. വലാ തുസ്വല്ലി അലാ അഹദിൻമ്മിൻഹുംമ്മാത്ത അബദൻ വ്വലാ തഖും അലാ ഖബ്രിഹീ ഇന്നഹും കഫറൂ ബില്ലാഹി വ റസൂലിഹി വ മാത്തൂ വഹും ഫാസിഖൂൻ. വലാ തുഅ്ജിബ്ക്ക അംവാലുഹും വ ഔലാദുഹും ഇന്നമാ യുരീദുല്ലാഹു അൻയ്യുഅദിബഹും ബിഹാ ഫിദ്ദുൻയാ വ തസ്ഹഖ അൻഫുസുഹും വഹും കാഫിറൂൻ (9:81-85)**

(യുദ്ധത്തിന് പോകുന്നതിൽനിന്ന്)ഒഴിച്ചുനിറുത്തപ്പെട്ടവർ(കപടവിശ്വാസികൾ) അല്ലാഹുവിന്റെ ദൂതന്റെ ആജ്ഞയ്ക്കെതിരായി സ്വഗൃഹങ്ങളിൽ ഇരിക്കുന്നതുകൊണ്ട് സന്തോഷിക്കുകയും തങ്ങളുടെ ധനംകൊണ്ടും ജീവൻ കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ 'ജിഹാദു' ചെയ്യുന്നത് വെറുക്കുകയും ചെയ്തിരിക്കുന്നു. (അവർ അന്യോന്യം) പറഞ്ഞു: ഈ കൊടുംചൂടിൽ നിങ്ങൾ യുദ്ധത്തിന് പുറപ്പെടരുത്. നീ പറയുക: നരകാഗ്നി(ഇതിനെക്കാൾ) കഠിനമായ ചൂടുള്ളതാണ്;അവർ യാഥാർത്ഥ്യം ഗ്രഹിക്കുന്നവരാണെങ്കിൽ!

അതുകൊണ്ട് അവർ അൽപം മാത്രം ചിരിച്ചുകൊള്ളട്ടെ;തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തിനുള്ള ശിക്ഷയായി അവർ അധികം കരയുകയും ചെയ്യട്ടെ. പന്നെ അല്ലാഹു നിന്നെ അവരിൽ ഒരു വിഭാഗത്തിന്റെ അടുത്തേക്ക് (യുദ്ധം കഴിഞ്ഞ്)തിരിച്ചുകൊണ്ടുവരികയും അപ്പോൾ അവർ നിന്നോടു (യുദ്ധത്തിന് പുറപ്പെടാൻ)അനുമതി ചോദിക്കുകയും ചെയ്യുന്നതായാൽ പറയുക, നിങ്ങളൊരിക്കലും എന്നോടൊപ്പം പുറപ്പെടുകയില്ല;നിങ്ങളൊരിക്കലും എന്നോടൊപ്പം ശത്രുക്കളോടു യുദ്ധം ചെയ്യുകയുമില്ല. (അതായത് നിങ്ങൾക്ക് അതിന് അനുമതി നല്കുകയില്ല.)തീർച്ചയായും ആദ്യത്തെ തവണ (യുദ്ധത്തിന് വിളിച്ചപ്പോൾ)നിങ്ങൾ വീട്ടിലിരിക്കുവാനാണ് ഇഷ്ടപ്പെട്ടത്. അതുകൊണ്ട് പിന്നിൽ തങ്ങിഇരിക്കുന്നവരോടൊപ്പം നിങ്ങളും ഇരുന്നുകൊള്ളുക. അവരിൽനിന്ന് മരിച്ച ഒരുത്തനുവേണ്ടിയും നീ ഒരിക്കലും(ജനാസ)നമസ്കരിക്കരുത്. അവന്റെ ഖബ്റിന്നരികിൽ (പ്രാർഥനയ്ക്ക്)നിൽക്കുകയുമരുത്. കാരണം അവർ അല്ലാഹുവിനേയും അവന്റെ ദൂതനേയും നിഷേധിക്കുകയും ധിക്കാരികളായി മരിക്കുകയും ചെയ്തിരിക്കുന്നു.

അവരുടെ സമ്പത്തും സന്തതികളും നിന്നെ ആകർഷിക്കാതിരിക്കട്ടെ. തീർച്ചയായും അല്ലാഹു ആഗ്രഹിക്കുന്നത് അവർക്ക് അവരെക്കൊണ്ടുതന്നെ ഇഹലോകജീവിതത്തിൽ ശിക്ഷ നൽകുകയും നിഷേധികളായ അവസ്ഥയിൽ അവരുടെ ജീവനെടുക്കുകയും ചെയ്യണമെന്നാണ്.

(ഇവ സൂറത്തു തൗബയിലെ വചനങ്ങളാണ്. തബൂക് യുദ്ധത്തിൽനിന്ന് പിന്നിലായി പോയവർ നാലുതരം ആളുകളായിരുന്നു: നബിﷺതിരുമേനിയുടെ കല്പ്പന പ്രകാരം ഏതെങ്കിലും നിർബന്ധ കടമ നിർവ്വഹിക്കാൻ പിന്നിലായിപോയ ഭാഗ്യവാന്മാർ. ഉദാഹരണത്തിന്. ഹദ്റത്ത് അലി‍ؓ, ഇബ്നു ഉമ്മി മക്തൂംؓ, മുഹമ്മദുബ്നു മസ്‌ലമؓതുടങ്ങിയവർ. ഇതാണ് ഒന്നാമത്തെ വിഭാഗം. രണ്ടാമത്തെ വിഭാഗം ദുർബലരും രോഗികളുമായ ആളുകളാണ്. വളരെനിർധനരും ദരിദ്രരുമായ അവർ യാത്രാവാഹനം ഒരുക്കാൻ കഴിവില്ലാത്തവരായിരുന്നു. യഥാർഥത്തിൽ ഒഴിവ് ലഭിച്ചവരാണ് ഇവരെന്ന് ഇവരെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ അല്ലാഹു അവർക്ക് മാപ്പ് നൽകുകയും ചെയ്തു. മാത്രമല്ല, നേരത്തെ വിവരിച്ചതുപോലെ, നബിﷺതിരുമേനി അവരെക്കുറിച്ച് പറഞ്ഞു: 'അവർ എല്ലായിടത്തും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. (അതായത് അല്ലാഹു അവരെ ഞങ്ങളുടെ പ്രതിഫലത്തിൽ ഭാഗഭാക്കാക്കി). മൂന്നാമത്തെ വിഭാഗം മുനാഫിഖുകളാണ്. ഇവരുടെ പ്രവർത്തനത്തെ ഖുർആൻ കഠിനമായി അപലപിച്ചിരിക്കുകയാണ്. ഇവരോടുള്ള അതൃപ്തിയും കഠിനമായ ശിക്ഷയും മുന്നറിയിപ്പുമായി ബന്ധപ്പെട്ട കല്പ്പനകൾ ഖുർആനിൽ എന്നെന്നേക്കുമായി അവതരിച്ചു.

നാലാമത്തെ വിഭാഗമാളുകൾ, കേവലം അലസത കാരണം പങ്കെടുക്കാതിരുന്നവരാണ്. ഇവർ പിന്നിലായിപ്പോയി. ഇവരിൽ മൂന്നു സ്വഹാബിമാർ പ്രത്യേകം ശ്രദ്ധേയരാണ്. ഹദ്റത്ത് കഅ്ബുബ്നു മാലിക്ؓഹദ്റത്ത് മുറാറത്തുബ്ന റബീഅ്ؓഹദ്റത്ത് ഹിലാലുബ്നു ഉമയ്യؓ. ഈ മൂന്നുസ്വഹാബിമാരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഈ വചനം അവതരിച്ചു:

**വ്വ അലസ്സലാത്തില്ലദീന ഖുല്ലിഫൂ ഹത്താ ഇദാ ളാഖത്ത് അലയ്ഹിമുൽഅർളു ബിമാ റഹുബത്ത് വ ളാഖത്ത് അലയ്ഹിം അൻഫുസുഹും വ ളന്നൂ അൻ ല്ലാ മൽജഅ മിനല്ലാഹി ഇല്ലാ ഇലയ്ഹി ഥുമ്മ താബ അ യ്ഹിം ലിയത്തൂബൂ ഇന്നല്ലാഹ ഹുവ ത്തവ്വാബുർറഹീം**(9:118)

പിന്നിൽ നിറുത്തപ്പെട്ട ഈ മൂന്നുപേർക്കും(അവൻ ഔദാര്യം ചെയ്തിരക്കുന്നു). ഭൂമി വിശാലമായിരുന്നിട്ടുകൂടി അത് അവർക്ക് ഇടുങ്ങിയതായിത്തീരുകയും സ്വന്തം ജീവൻ(പോലും)അവർക്ക് ഭാരമായിത്തീരുകയും അല്ലാഹുവിന്റെ കോപത്തിൽനിന്ന് രക്ഷപ്പെടാൻ അവനിലേക്കല്ലാതെ വേറെ ഒരു അഭയമാർഗവുമില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്യുന്നതുവരെ (ആ സ്ഥിതി നീണ്ടുനിന്നു). പിന്നീട് അവർ പശ്ചാത്തപിക്കുന്നതിന് അല്ലാഹു അവരുടെ നേരെ കാരുണ്യത്തോടെ തിരിഞ്ഞു. തീർച്ചയായും അല്ലാഹു വളരെയധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.(9:118)

**'അസ്സലാസത്തില്ലദീന ഖുല്ലിഫൂ'** (പിന്നിൽനിറുത്തപ്പെട്ട മൂന്നുപേർ)എന്നതിന്റെ സംഭവത്തിന്റെ വിശദീകരണങ്ങൾ ബുഖാരിയിലെ ഒരു നിവേദനത്തിൽ ഹദ്റത്ത് കഅ്ബുബ്നു മാലിക്ؓസ്വയം വിവരിക്കുന്നു: 'നബിﷺതിരുമേനി പങ്കെടുത്ത ഒരു യുദ്ധത്തിൽ നിന്നും ഞാൻ പിന്നോട്ട് നിന്നിട്ടില്ല, ഗതബൂക്ക് യുദ്ധമൊഴികെ. ബദർ യുദ്ധത്തിലും ഞാൻ പങ്കെടുക്കാതെ പോയെങ്കിലും ആ യുദ്ധത്തിൽ പങ്കെടുക്കാത്ത ആരോടും അവിടുന്ന് അതൃപ്തി പ്രകടിപ്പിച്ചിരുന്നില്ല. ഖുറൈശികളുടെ കച്ചവട സംഘത്തെ തടയാൻ ഉദ്ദേശിച്ചുകൊണ്ടു മാത്രമായിരുന്നു നബിﷺതിരുമേനി പുറപ്പെട്ടിരുന്നത്. എന്നാൽ, യുദ്ധം ഉദ്ദേശിക്കാതെ തന്നെ അല്ലാഹു അവരെ ശത്രുക്കളുമായി ഏറ്റുമുട്ടിച്ചു. കൂടാതെ, ഇസ്‌ലാമിൽ ഉറച്ചുനിൽക്കുമെന്ന് ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്ത അഖബയുടെ രാവിൽ ഞാൻ നബിﷺതിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ആ രാവിന് പകരമായി ബദ്റിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നില്ല. (അഖബയിലെ ഉടമ്പടിയാണ് ബദ്റിനേക്കാൾ വലുതെന്ന് അദ്ദേഹം കരുതി).

എങ്കിലും ബദ്ർ ജനങ്ങൾക്കിടയിൽ കൂടുതൽ പ്രസിദ്ധമാണ്. എന്റെ അവസ്ഥയാണെങ്കിൽ, തബൂക്ക് യുദ്ധത്തിൽ നബിﷺ തിരുമേനിയിൽനിന്ന് പിന്നിലായിപ്പോയ കാലത്തേക്കാൾ എനിക്ക് കായികബലവും സമ്പന്നതയും മറ്റൊരിക്കലുമുണ്ടായിരുന്നില്ല. (ഇവിടെ തബൂക്ക് യുദ്ധത്തിന്റെ സാഹചര്യമാണ് ഇദ്ദേഹം വിവരിക്കുന്നത്. അന്ന് അദ്ദേഹം ശാരീരകമായും സാമ്പത്തികമായും കഴിവുള്ള അവസ്ഥയിലായിരുന്നു.) അല്ലാഹുവാണെ സത്യം! ഇതിനുമുമ്പേ ഒരിക്കലും എന്റെ അടുത്ത് ഒട്ടകങ്ങൾ ഒരുമിച്ചുണ്ടായിരുന്നിട്ടില്ല. ഈ യുദ്ധസമയത്ത് ഞാൻ രണ്ട് ഒട്ടകം കൂടെ കരുതിയിരുന്നു. നബിﷺ തിരുമേനി ഏതൊരു യുദ്ധത്തിനുദ്ദേശിക്കുമ്പോഴും(തുടർന്ന് അദ്ദേഹം വിശദീകരിക്കുകയാണ്) സാധാരണയായി അതു രഹസ്യമായി വെച്ച് മറ്റേതെങ്കിലും ദിശയിലേക്ക് പോ കാനുദ്ദേശിക്കുന്നതായി കാണിച്ചിരുന്നു. (ഇതു നബിﷺതിരുമേനിയുടെ കാലത്തെ യുദ്ധതന്ത്ര മായിരുന്നു). എന്നാൽ, ഈ യുദ്ധത്തിൽ (തബൂക്ക് യുദ്ധം) അവിടന്ന് കഠിനമായ ചൂട് കാലത്താണ് പുറപ്പെട്ടത്. ദൂരയാത്രയും, വിജനമായ മരുഭൂമിയും എണ്ണത്തിൽ വളരെയധികം വരുന്ന ശത്രുവുമായിരുന്നു നബിﷺതിരുമേനിയുടെ മുന്നിലുണ്ടായിരുന്നത്. നബിﷺതിരുമേനി മുസ്‌ലിമീങ്ങളോടു അവരുടെ അവസ്ഥ തുറന്നു പറഞ്ഞു. ഈ സന്ദർഭത്തിൽ അവിടന്ന് മറച്ചുവെച്ചില്ല. പകരം നമ്മൾ ഈ യുദ്ധത്തിനാണ് പോകുന്നതെന്ന് തുറന്നു പറഞ്ഞു. അങ്ങനെ അവർ ആക്രമണത്തിനു വേണ്ടവിധം തയ്യാറെടുപ്പുകൾ നടത്താനായിരുന്നു ഇത്. നബിﷺതിരുമേനി താൻ പോകുനുദ്ദേശിച്ച ദിശയും അവർക്ക് പറഞ്ഞു കൊടുത്തു. നബിﷺ തിരുമേനിയുടെ കൂടെ ധാരാളം മുസ്‌ലിമീങ്ങളുണ്ടായിരുന്നു. അവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുന്ന ഒരു ഗ്രന്ഥവും (രജിസ്റ്റർ) ഉണ്ടായിരുന്നില്ല. (തബൂക്കിൽ പങ്കെടുത്തവരുടെ അംഗസംഖ്യ അതായത് ആരൊക്കെ കൂടെ പോയി, ആരൊക്കെ പോയില്ലയെന്നത് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. എന്നാണ് കഅബ്ؓന്റെ ഉദ്ദേശ്യം).

ഹദ്റത്ത് കഅ്ബ്ؓപറയുന്നു: 'താൻ ഹാജരായില്ലെങ്കിൽപ്പോലും നബിﷺതിരുമേനി അതറിയാൻ പോകുന്നില്ലെന്ന് ഒരു വ്യക്തിയും ചിന്തിച്ചിരുന്നില്ല. കാരണം, എവിടേയും എഴുതി വെച്ചിട്ടില്ലാത്തായ രജിസ്റ്റർ ഇല്ലാതിരുന്നിട്ടും തന്റെ അഭാവം നബിﷺതിരുമേനിയുടെ ശ്രദ്ധയിൽപ്പെടാതെ പോകുമെന്ന് ആരും കരുതിയിരുന്നില്ല; അതിനെപ്പറ്റി ദൈവികവെളിപാട് അവതരിക്കുന്നതുവരെ.

നബിﷺതിരുമേനി ഈ യുദ്ധത്തിനു പോയത് പഴങ്ങൾ പാകമാകുകയും തണൽ വീശുകയും ചെയ്ത സമയത്തായിരുന്നു.

നബിﷺതിരുമേനി യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. തിരുമേനിയോടൊപ്പം മുസ്‌ലീങ്ങളും (ഒരുങ്ങി). ഞാനും രാവിലെ േ പോകുമായിരുന്നു (തന്നെപ്പറ്റി പറയുകയാണ്). യാത്രയ്ക്കുള്ള സാധനങ്ങൾ ഒരുക്കാൻ രാവിലെ പോകുമ്പോൾ ഞാനും അവരോടൊപ്പം പോകുമായിരുന്നു. പോകാൻ ഞാൻ ഉറച്ചിരുന്നു. എന്നാൽ, ഞാൻ തിരിച്ചു വരുമ്പോൾ ഒന്നും ചെയ്തിട്ടുണ്ടായിരുന്നില്ല.(അലസത കാരണം തയ്യാറെടുപ്പൊന്നും നടന്നില്ല).

ഞാൻ മനസ്സിൽ പറയുമായിരുന്നു: 'എനിക്ക് തയ്യാറെടുക്കാവുന്നതേയുള്ളൂ, നാളെ അതു ചെയ്യാം.' ഈ ചിന്ത എന്നെ ഒഴികഴിവുകളിൽ കൊണ്ടെത്തിച്ചു. അങ്ങനെ ആളുകൾ യാത്ര പുറപ്പെടാൻ തിരക്കുകൂട്ടുന്ന സമയം എത്തിച്ചേർന്നു. ഒരു പ്രഭാതത്തിൽ നബിﷺതിരുമേനി യാത്ര പുറപ്പെടുകയും ചെയ്തു. മുസ്‌ലിമീങ്ങളും നബിﷺ തിരുമേനിയോടൊപ്പം പുറപ്പെട്ടു. പക്ഷേ, ഞാനെന്റെ യാത്രയ്ക്കു വേണ്ടി ഒരു സാധനവും എടുത്തു വെച്ചിട്ടുണ്ടായിരുന്നില്ല. ഞാൻ കരുതി നബിﷺതിരുമേനി പോയതിനുശേഷം ഒരു ദിവസമോ രണ്ടുദിവസമോ കഴിഞ്ഞ് ഞാൻ തയ്യാറെടുപ്പുകൾ പൂർത്തിയാക്കി അവരോടൊപ്പം ചേരാം.'

അവർ പോയതിനുശേഷം അടുത്ത പ്രഭാതത്തിൽ ഞാൻ യാത്രയ്ക്കുള്ള സാധനങ്ങൾ ഒരുക്കാൻ പോയെങ്കിലും തിരിച്ചുവന്നു; ഒന്നുംതന്നെ ചെയ്തില്ല. പിന്നീട് അടുത്ത ദിവസംപോയി തിരിച്ചു വന്നു. ഒന്നും ചെയ്തില്ല. ഈ അവസ്ഥ തുടർന്നുകൊണ്ടിരുന്നു. അങ്ങനെ സൈന്യം അതിവേഗം സഞ്ചരിച്ച് വളരെ മുന്നോട്ടു പോയി. ഞാനും യാത്ര പുറപ്പെടാൻ തീരുമാനിച്ചു. അവരോടൊപ്പം ചേരണമെന്നാഗ്രഹിച്ചു. അങ്ങനെ ചെയ്തിരുന്നെങ്കിലെന്ന് ഞാനാഗ്രഹിക്കുന്നു. പക്ഷേ, എനിക്ക് അതിനും കഴിഞ്ഞില്ല, അതെനിക്ക് വിധിക്കപ്പെട്ടിരുന്നില്ല.

നബിﷺതിരുമേനിപോയതിനുശേഷം ഞാൻ പുറത്തിറങ്ങുകയും ആളുകൾക്കിടയിലൂടെ നടക്കുകയും ചെയ്യുമ്പോൾ കപടവിശ്വാസത്തിന്റെ കുറ്റം ചുമത്തപ്പെട്ടവരെയോ അല്ലാഹു ഒഴിവു കഴിവ് നൽകിയ ദുർബ്ബലരായ ആളുകളെയോ മാത്രം കണ്ട് ഞാൻ ഏറെ വിഷമിച്ചു. നബിﷺ തിരുമേനി തബൂക്കിൽ എത്തിയപ്പോൾ എന്നെ അന്വേഷിക്കുകയും ചെയ്തു. നബിﷺതിരുമേനി തബൂക്കിൽ ജനങ്ങളോടൊപ്പം ഇരിക്കുകയായിരുന്നു. നബിﷺ തിരുമേനി ചോദിച്ചു: 'കഅ്ബ് എവിടെയാണുള്ളത്?'

ബനൂ സലമ ഗോത്രത്തിലെ ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അവന്റെ രണ്ടു മേൽവസ്ത്ര ങ്ങളും അവന്റെ വലത്തോട്ടും ഇടത്തോട്ടുമുള്ള നോട്ടവും അവനെ തടഞ്ഞതാണ്.' (അതായത്, ഒരുപക്ഷേ അഹങ്കാരം കാരണമോ അലസത കാരണമോ ആയിരിക്കും ).

ഇതുകേട്ട് ഹദ്റത്ത് മുആദ് ബിൻ ജബൽؓ പറഞ്ഞു: 'നീ പറഞ്ഞത് എത്രമാത്രം മോശം കാര്യമാണ്. കഅ്ബിനെക്കുറിച്ച് അല്ലാഹുവാണെ സത്യം, ഞങ്ങൾക്ക് നല്ലതല്ലാത്ത ഒരനുഭവവുമില്ല.' ഇതുകേട്ട് നബിﷺ തിരുമേനി മൗനം പൂണ്ടു.

ഹദ്റത്ത് കഅബുബ്നു മാലിക്ؓ പറയുന്നു: 'നബിﷺതിരുമേനി തിരിച്ചുവരുന്നുവെന്ന വാർത്ത എനിക്കെത്തിയപ്പോൾ എനിക്ക് ആധിയായി. നാളെ നബിﷺ തിരുമേനിയുടെ അതൃപ്തിയിൽ നിന്ന് എങ്ങനെ രക്ഷപ്പെടാമെന്ന് ആലോചിച്ച് ഞാൻ നുണകൾ ചിന്തച്ചുതുടങ്ങി. ഞാൻ ഒഴികഴിവുകളുണ്ടാക്കാൻ ശ്രമിച്ചു. അഭിപ്രായം പറയാൻ യോഗ്യരായ എന്റെ വീട്ടിലെ എല്ലാവരോടും ഞാൻ കൂടിയാലോചിച്ചു. എന്നാൽ, നബിﷺതിരുമേനി എന്റെ വീട്ടിലെത്തിച്ചേർന്നു എന്ന് പറഞ്ഞപ്പോൾ എന്റെ മനസ്സിലുണ്ടായി രുന്ന സകല നുണകളും അപ്രത്യക്ഷമായി. നുണ പറഞ്ഞകൊണ്ട് നബിﷺതിരുമേനിയുടെ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ എനിക്കൊരിക്കലും കഴിയില്ലെന്ന് ഞാൻ മനസ്സിലാക്കി. അതിനാൽ, നബിﷺതിരുമേനിയോടു സത്യം തുറന്നുപറയാൻ ഞാൻ തീരുമാനിച്ചു. നബിﷺതിരുമേനി എത്തിച്ചേർന്നു. നബിﷺതിരുമേനി യാത്രയിൽ നിന്ന് മടങ്ങി വന്നാൽ ആദ്യം മസ്ജിദിൽപ്പോയി രണ്ടു റക്അത്ത് നമസ്കരിക്കുകയും പിന്നീട് ആളുകളെ കാണാൻ ഇരിക്കുകയും ചെയ്യുമായിരുന്നു.

നബിﷺതിരുമേനി ഇതെല്ലാം ചെയ്തപ്പോൾ, യുദ്ധത്തിൽ പങ്കെടുക്കാതിരുന്ന ആളുകൾ ആ മഹാത്മാവിന്റെ അടുത്ത് വന്ന് ഒഴിവുകഴിവുകൾ പറയാനും സത്യം ചെയ്യാനും തുടങ്ങി. ഈ ആളുകൾ എൺപതിലധികമുണ്ടായിരുന്നു. നബിﷺതിരുമേനി അവരുടെ ബാഹ്യമായ ഒഴികഴിവുകൾ സ്വീകരിക്കുകയും അവരിൽനിന്ന് ബയ്അത്ത് (അനുസരണപ്രതിജ്ഞ)എടുക്കുകയും അവർക്കു വേണ്ടി പാപമോചനത്തിന് പ്രാർഥിക്കുകയും അവരുടെ മനസ്സിലുള്ള കാര്യം അല്ലാഹുവിന് വിട്ടു കൊടുക്കുകയും ചെയ്തു.

അതിനുശേഷം ഞാൻ നബിﷺ തിരുമേനിയുടെ അടുത്തുവന്നു. ഞാൻ നബിതിരുമേനിക്ക് സലാം പറഞ്ഞപ്പോൾ, അവിടന്ന് കോപാകുലനായ ഒരാളെപ്പോലെ പുഞ്ചിരിച്ചു. '(നബിﷺതിരുമേനി) കോപം കലർന്ന ഒരു പുഞ്ചിരി നൽകി. പിന്നീട് അവിടന്ന് കൽപ്പിച്ചു: 'മുന്നോട്ടുവരുക.'ഞാൻ നടന്നു ചെന്ന് നബിﷺതിരുമേനിയുടെ മുമ്പിലിരുന്നു.

നബിﷺതിരുമേനി എന്നോടു ചോദിച്ചു: 'എന്തുകൊണ്ടാണ് പങ്കെടുക്കാതിരുന്നത്? നീ വാഹനം ം വാങ്ങിയിരുന്നില്ലേ?'

ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണെ സത്യം! അങ്ങൊഴിച്ച് ലോകത്തെ മറ്റൊരാളുടെ മുന്നിലായിരുന്നു ഞാനെങ്കിൽ ഒഴികഴിവ് പറഞ്ഞ് ഞാൻ തീർച്ചയായും അദ്ദേഹത്തിന്റെ അതൃപ്തിയിൽനിന്ന് രക്ഷപ്പെടുമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. കാരണം എനിക്ക് വാഗ്സാമർഥ്യമുണ്ട്. പക്ഷേ, അല്ലാഹുവാണെ സത്യം! ഞാനിന്ന് അങ്ങയോടു ഒരു നുണ പറഞ്ഞാൽ, അങ്ങ് എന്നോടു തൃപ്തനായാലും അല്ലാഹു ഉടൻ തന്നെ അങ്ങയെ എന്നെക്കുറിച്ച് അതൃപ്തനാക്കിയേക്കും. എന്നാൽ, ഞാൻ സത്യം തുറന്നു പറയുകയാണങ്കിൽ അതിലൂടെ അങ്ങ് എന്നോടു അതൃപ്തനാകുമെങ്കിലും, അല്ലാഹുവിന്റെ മാപ്പ്

ഞാൻ പ്രതീക്ഷിക്കുന്നു.'

അദ്ദേഹം തുടർന്നു പറഞ്ഞു: 'ഇല്ല , അല്ലാഹുവാണെസത്യം! എനിക്കൊരു ഒഴികഴിവുമില്ലായിരുന്നു. അല്ലാഹുവാണെ സത്യം! അങ്ങയോടു ചേരാതെ നിന്ന ആ സമയത്തോളം ഞാനൊരിക്കലും ഇത്ര ശരീരബലമുള്ളവനും സന്തോഷവാനുമായിരുന്നിട്ടില്ല.'

ഇതുകേട്ട് അല്ലാഹുവാണെസത്യം! പറഞ്ഞു: 'ഇവൻ സത്യം പറഞ്ഞിരിക്കുന്നു.'

നബിﷺതിരുമേനി കല്പ്പിച്ചു: 'എഴുന്നേൽക്കുക, പോകുക. നിന്റെ കാര്യത്തിൽ അല്ലാഹു ഒരു തീരുമാനമെടുക്കുന്നതുവരെ കാത്തിരിക്കുക.' (നബിﷺതിരുമേനി പറഞ്ഞു: നീ സത്യം പറഞ്ഞിരിക്കുന്നു. എങ്കിലും ഇപ്പോൾ പോകുക. അല്ലാഹു നിന്റെ കാര്യത്തിൽ എന്ത് ചെയ്യണമെന്ന് തീരുമാനിക്കും).

അദ്ദേഹം പറയുന്നു: ഞാനെഴുന്നേറ്റുപോയി. ബനൂ സലമ ഗോത്രത്തിലെ ചിലയാളുകളും എന്റെ പിന്നാലെ വന്നു. അവരെന്നോടുപറഞ്ഞു: 'അല്ലാഹുവാണെ സത്യം, ഇതിനു മമ്പേ നീ ഒരു തെറ്റും ചെയ്തതായി ഞങ്ങൾക്കറിയില്ല. യുദ്ധത്തിൽ പങ്കെടുക്കാതെ വിട്ടുനിന്നവർ അങ്ങയുടെ മുന്നിൽ ഒഴികഴിവ് പറഞ്ഞപ്പോൾ, നിനക്ക് നബിﷺതിരുമേനിയുടെ അടുത്ത് ഒഴികഴിവ് പറയാനും കഴിഞ്ഞില്ല. നബിﷺതിരുമേനി നിനക്കുവേണ്ടി പാപമോചനത്തിന് പ്രാർഥിച്ചിരുന്നെങ്കിൽ അത് നിന്റെ ഈ പാപം പൊറുക്കാൻ മതിയായതായിരുന്നു.' അല്ലാഹുവാണെ സത്യം! അവരെന്നെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ ഞാൻ എന്റെ തീരുമാനം മാറ്റാൻ ഉദ്ദേശിച്ചു.(അദ്ദേഹം പറയുന്നു, എന്റെ മനസ്സുമാറി തിരിച്ചുപോയി, ഞാൻ മുമ്പേ പറഞ്ഞത് നുണയാണെന്ന് പറഞ്ഞ് നബിﷺ തിരുമേനിയുടെ മുന്നിൽ ഒരു ഒഴികഴിവുണ്ടാക്കിയാലോ എന്ന് ഞാൻ ചിന്തിച്ചു).

അങ്ങനെ, ഞാനവരോടു(പോയി മറ്റുവല്ല ഒഴികഴിവും പറഞ്ഞ് മാപ്പിനപേക്ഷിക്കുക എന്ന് ഉപദേശിച്ചവരോടു) ചോദിച്ചു: 'ഞാൻ പറഞ്ഞതുപോലെയുള്ള സത്യം ഏറ്റു പറഞ്ഞ മറ്റാരെങ്കിലും എന്റെ കൂടെയുണ്ടോ? 'അവർ പറഞ്ഞു: 'ഉണ്ട്. മറ്റു രണ്ടു പേരുണ്ട്. അവർ നീ പറഞ്ഞതുപോലെ പറഞ്ഞു, അവർക്കു ലഭിച്ച അതേ മറുപടി തന്നെയാണ് നിനക്കും ലഭിച്ചത്.' ഞാൻ ചോദിച്ചു: 'അവരാരാണ്?'അവർ പറഞ്ഞു: 'മുറാറത്തുബ്നു റബീഅ അംരിയും ഹിലലുബ്നു ഉമയ്യ വാഖിഫിയുമാണ്.'

അവരെന്നോടു ബദറിൽ പങ്കെടുത്ത, നല്ലവരായ രണ്ടുളുകളുടെ പേരാണ് പറഞ്ഞത്. അവർ ഇരുവരിലും എനിക്ക് ഒരു മാതൃക യുണ്ടായിരുന്നു. ആളുകൾ ഈ രണ്ടുപേരെക്കുറിച്ച് പറഞ്ഞപ്പോൾ, ഞാൻ പോയി. നബിﷺതിരുമേനി മുസ്‌ലിമീങ്ങളോടു ഞങ്ങളോടു സംസാരിക്കുന്നത് വിലക്കി. അതായത് ഞാൻ തിരിച്ചുചെന്ന് ഒഴികഴിവ് പറയാൻ നിന്നില്ല, പ്രത്യുത ഞാൻ വീട്ടിൽച്ചെന്നു.

ആളുകൾ ഞങ്ങളുമായി അതായത് തിരുമേനിയോടൊപ്പം യുദ്ധത്തിനു പോകാതെ വിട്ടുനിന്നവരുമായി ബന്ധം സ്ഥാപിക്കുന്നത് നബിതിരുമേനി വിലക്കി. ആളുകൾ ഞങ്ങളെ ഒഴിവാക്കാൻ തുടങ്ങി. ഞങ്ങൾ തികച്ചും അപരിചിതരെപ്പോലെയായി. ഈ ഭൂമിപോലും എനിക്ക് അന്യമായി തോന്നി. എനിക്കു പരിചയമുള്ള ഭൂമിയായിരുന്നില്ല അത്.

ഞങ്ങൾ ഈ അവസ്ഥയിൽ അമ്പതുരാത്രികൾ കഴിച്ചുകൂട്ടി. എന്റെ കൂട്ടുകാർ ദുഃഖിതരായി വീടുകളിൽ ഒതുങ്ങിക്കൂടി കരഞ്ഞുകൊണ്ടിരുന്നു. എന്നാൽ, ഞാൻ അവരെക്കാൾ ചെറുപ്പവും പ്രയാസങ്ങൾ സഹിക്കാൻ കൂടുതൽ ശക്തനുമായിരുന്നു. ഞാൻ പുറത്തുപോകുമായിരുന്നു. ഞാൻ മുസ്‌ലിമീങ്ങളോടൊപ്പം നമസ്കരിക്കുകയും ചന്തകളിൽ നടക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, ആരും എന്നോടു സംസാരിച്ചിരുന്നില്ല. ഞാൻ നബിﷺതിരുമേനിയുടെ അടുത്തും പോകുമായിരുന്നു. അവിടന്ന് നമസ്കാരം കഴിഞ്ഞ് ഇരിക്കവെ ഞാൻ അങ്ങയ്ക്ക് സലാം പറയുമായിരുന്നു. ഞാൻ ചിന്തിച്ചു: 'എന്റെ സലാമിന് മറുപടി നൽകാൻ നബിﷺതിരുമേനി തന്റെ ചുണ്ടുകൾ ചലിപ്പിച്ചോ എന്ന് ശ്രദ്ധിക്കുമായിരുന്നു.'

ഞാൻ നമസ്കരിക്കുമ്പോൾ അവിടന്ന് ഇടംകണ്ണുകൊണ്ട് എന്നെ നോക്കുമായിരുന്നു. ഞാൻ അങ്ങയോടു അടുത്തുനിന്ന് നമസ്കരിക്കുകയും അങ്ങയെ നോക്കുകയും ചെയ്യുമായിരുന്നു. ഞാൻ നമസ്കരിക്കുമ്പോൾ അവിടന്ന് എന്നെ നോക്കും. എന്നാൽ, ഞാൻ അങ്ങയെ ശ്രദ്ധിക്കുമ്പോൾ അവിടന്ന് എന്നിൽനിന്ന് മുഖം തിരിക്കും.'

ഇങ്ങനെ, ആളുകളുടെ ഈ പരുഷമായ പെരുമാറ്റം കുറെക്കാലം തുടർന്നപ്പോൾ അതെനിക്ക് താങ്ങാൻ പറ്റാത്തത്ര ദുസ്സഹമായി. അപ്പോൾ ഞാൻ പോയി അബൂഖതാദയുടെ വാതിൽ ചാടിക്കടന്നു. അതായത് അദ്ദേഹത്തിന്റെ തോട്ടത്തിൽ പ്രവേശിച്ചു. അപ്പോൾ എന്റെ പിതൃസഹോദര പുത്രനായിരുന്നു എല്ലാ ആളുകളെക്കാളും എനിക്കേറ്റവും പ്രിയപ്പെട്ടവനും. (പ്രധാന കവാടത്തിലൂടെ പോകുന്നതിന് പകരം ഒളിച്ചാണ് പോയത്).

കഅ്ബ്ؓ പറയുന്നു: 'ഞാൻ അദ്ദേഹത്തോടു 'അസ്സലാമു അലയ്ക്കും' എന്ന് പറഞ്ഞു. അല്ലാഹുവാണെ സത്യം! അദ്ദേഹം എന്റെ സലാമിന് മറുപടി നൽകിയില്ല.'

ഞാൻ ചോദിച്ചു: 'അബൂഖതാദാ, അല്ലാഹുവിന്റെപേരിൽ സത്യം ചെയ്ത് ഞാൻ നിന്നോടു ചോദിക്കുകയാണ്, ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്നുവെന്ന് നിനക്കറിയാമോ? അദ്ദേഹം നിശബ്ദനായി നിന്നു. ഞാൻ വീണ്ടും ചോദിച്ചു, സത്യം ചെയ്തു, അപ്പോഴും അദ്ദേഹം മൗനം പാലിച്ചു. പിന്നീട് മൂന്നാമതും ഞാൻ സത്യം ചെയ്തപ്പോൾ, അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനും അവന്റെ റസൂലിനുമാണ് അറിയുക.' ഇതുകേട്ട് എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഞാൻ പുറം തിരിഞ്ഞ് മതിലും ചാടി അവിടെ നിന്ന് പോന്നു.

ഹദ്റത്ത് കഅ്ബ്ؓ പറയുന്നു: 'ആയിടയ്ക്ക് ഞാൻ മദീനയിലെ ചന്തയിലൂടെ നടന്നുപോകുമ്പോൾ സിറിയയിൽനിന്നുള്ള നബ്തിയ്യുകളിൽ(മദീനയിൽ ധാന്യം വിൽക്കാൻ വന്ന കച്ചവടക്കാർ) ഒരാൾ ചോദിക്കുന്നതുകണ്ടു: 'കഅ്ബുബ്നുമാലിക്കിനെ ആരാണ് കാണിച്ചുതരിക?' ഇതികേട്ട് ആളുകൾ എന്നെ ആംഗ്യം കാണിച്ചുകൊടുത്തു. അവൻ എന്റെ അടുത്തുവന്നപ്പോൾ , അവൻ ഗസ്സാൻ രാജാവിന്റെ(റോമൻ ഭരണത്തിനുകീഴിലുള്ള ഒരു അറബി രാജാവ്) ഒരു കത്ത് എനിക്ക് നൽകി. അതിൽ ഇപ്രകാരമായിരുന്നു.

'നിന്റെ കൂട്ടുകാരൻ നിങ്ങളോടു കാഠിന്യം കാണിച്ചുകൊണ്ട് നിങ്ങളെ ഒറ്റപ്പെടുത്തിയ വിവരം ഞാൻ അറിഞ്ഞിരിക്കുന്നു. നിന്നെ അവഹേളിക്കാനോ പാഴാക്കാനേ വേണ്ടി അല്ലാഹു നിന്നെ അങ്ങനെയൊരു വീട്ടിലല്ല സൃഷ്ടിച്ചത്. നീ ഞങ്ങളോടൊപ്പം വന്നുചേരുക. ഞങ്ങൾ നിനക്ക് ആതിഥേയത്വം നൽകാം (സഹായം നൽകാം).

ഈ കത്ത് വായിച്ചപ്പോൾ ഞാൻ പറഞ്ഞു: 'ഇത് മറ്റൊരു പരീക്ഷണമാണ്.'(ഒന്നാമത്തെ പരീക്ഷണം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ രാജാവിന്റെ ആ ഈ ക്ഷണരൂപത്തിലുള്ള കത്ത് രണ്ടാമത്തെ പരീക്ഷണമായിതോന്നി).

അദ്ദേഹം പറയുന്നു: 'ഞാൻ കത്തുമായി ഒരു ചൂളയ്ക്കടുത്തു പോയി. അവിടെ തീ ആളിക്കത്തുന്നുണ്ടായിരുന്നു. ഞാൻ ആ കത്ത് അതിൽ വലിച്ചെറിഞ്ഞു.' അമ്പതു രാത്രികളിൽനിന്ന് നാൽപ്പതു രാത്രികൾ കഴിഞ്ഞപ്പോൾ നബിﷺ തിരുമേനിയുടെ സന്ദേശവാഹകൻ

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**

**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**

**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

എന്റെ അടുത്തു വരുന്നത് ഞാൻ കണ്ടു. അദ്ദേഹം പറഞ്ഞു: 'നീ നിന്റെ ഭാര്യയിൽനിന്ന് വേർപിരിയണമെന്ന് നബിﷺതിരുമേനി നിന്നോടു കൽപ്പക്കുന്നു.' ഞാൻ ചോദിച്ചു:'ഞാൻ അവളെ ത്വലാഖ് ചൊല്ലണോ? എന്താണ് ചെയ്യേണ്ടത്? അദ്ദേഹം പറഞ്ഞു: 'അവളിൽനിന്ന് അകന്നുനിൽക്കുക, അവളുടെ അടുത്ത് പോകരുത്.' എന്റെ രണ്ടുകൂട്ടുകാർക്കും അവിടന്ന് ഇതേ സന്ദേശം കൊടുത്തയച്ചിരുന്നു. ഞാനെന്റെ ഭാര്യയോടു പറഞ്ഞു: 'നീ നിന്റെ വീട്ടുകാരുടെ അടുത്ത് പോകുക. ഇക്കാര്യത്തിൽ അല്ലാഹു ഒരു തീരുമാനം എടുക്കുന്നതുവരെ നീ അവിടെത്തന്നെ കഴിയുക.'

ഹദ്റത്ത് കഅ്ബ്ؓപറയുന്നു: ഹിലാൽ ബിൻ ഉമയ്യായുടെ ഭാര്യക്കും ഇതേ കൽപ്പനയായിരുന്നു ലഭിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ നബിﷺതിരുമേനിയുടെ അടുത്തുവന്ന പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഹിലാൽ ബിൻ ഉമയ്യ വളരെയേറെ പ്രായം ചെന്നയാളാണ്. അദ്ദേഹത്തിന് വേറെ സേവകനൊന്നുമില്ല. ഞാൻ അദ്ദേഹത്തെ സേവിക്കുന്നത് അങ്ങയ്ക്ക് ഇഷ്ടക്കേടുണ്ടാക്കുമോ? (ഭക്ഷണം പാചകം ചെയ്തുകൊടുക്കുക, വസ്ത്രങ്ങൾ കഴുകിക്കൊടുക്കുക പോലുള്ള കാര്യങ്ങൾ).

അവിടന്ന് പറഞ്ഞു: 'ഇല്ല. പക്ഷേ, നീ അദ്ദേഹത്തിന്റെ അടുത്ത് പോകരുത് നിനക്ക് ഇത്രമാത്രം സേവനം ചെയ്യാം.'

അവർ പറഞ്ഞു: 'അല്ലാഹവാണെ സത്യം! അദ്ദേഹത്തിന്(ഹിലാലിന്)ഇപ്പോൾ ഒന്നിനോടും ഒരു താൽപര്യവുമില്ല. അല്ലാഹുവാണെ സത്യം! ഈ സംഭവമുണ്ടായ ദിവസം മുതൽ ഇന്നുവരെ അദ്ദേഹം കരയുകയാണ്.'

എന്റെ ചില ബന്ധുക്കൾ എന്നോടു പറഞ്ഞു: 'നിന്റെ ഭാര്യയുടെ കാര്യത്തിലും നീ നബിﷺതിരുമേനിയോടു ഇതേ അനുവാദം ചോദിച്ചുകൂടേ? നിന്റെ ഭാര്യ നിന്നെ സേവിക്കട്ടെ. ഹിലാൽ ബിൻ ഉമയ്യയുടെ ഭാര്യക്ക് അനുവാദം കൊടുത്തതുപോലെ നീയും അനുവാദം വാങ്ങുക.

'ഞാൻ പറഞ്ഞു: 'അല്ലാഹുവാണെസത്യം! ഞനൊരിക്കലും നബിﷺതിരുമേനിയോടു അതിനെക്കുറിച്ച് അനുവാദം ചോദിക്കുകയില്ല. അവിടന്ന് അതിനെക്കുറിച്ച് എന്തുമറുപടി നൽകുമെന്ന് എനിക്കറിയില്ല. ഞാനൊരു യുവാവാണ്.' (അതായത് ഹിലാലുബ്നു ഉമയ്യ വൃദ്ധനായിരുന്നു, ഞാൻ യുവാവാണ്).

ഇതിനുശേഷം ഞാൻ പത്തു രാത്ര കൂടി കാത്തിരുന്നു. അങ്ങനെ നബിﷺതിരുമേനി ഞങ്ങളോടു സംസാരിക്കുന്നത് വിലക്കിയ സമയം മുതൽ ഞങ്ങൾക്കുവേണ്ടി അമ്പതു രാത്രി പൂർത്തിയായി.

അമ്പതാം രാത്രി പ്രഭാതത്തിൽ ഞാൻ സ്വുബ്ഹി നമസ്കാരം നിർവഹിച്ചു. ആ സമയത്ത് ഞാൻ എന്റെ വീടുകളുടെ ഒന്നിന്റെ ടെറസ്സിൽ ഇരിക്കുകയായിരുന്നു. അല്ലാഹു വിവരിച്ച അതേ അവസ്ഥയിലായിരുന്നു ഞാൻ: അതായത്, എന്റെ ആത്മാവ് എനിക്ക് ഇടുങ്ങിയതായി തോന്നുകയും ഭൂമി അതിന്റെ വിശാലതയോടു കൂടിഎനിക്ക് ഇടുങ്ങിയതായി അനുഭവപ്പെടുകയും ചെയ്തിരുന്നു. ഈ നേരത്ത് ഒരാൾ സലഅ് മലയിൽക്കയറി ഉച്ചത്തിൽ ഇപ്രകാരം വിളിച്ചുപറയുന്നത് ഞാൻ കേട്ടു: "കഅ്ബുബ്നു മാലിക്കേ! നിനക്ക് സന്തോഷവാർത്ത!" ഇതുകേട്ട് ഞാൻ സുജൂദിൽവീണു. കഷ്ടപ്പാടെല്ലാം നീങ്ങിപ്പോയിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി. നബിﷺതിരുമേനി സ്വുബ്ഹി നമസ്കാരം പൂർത്തിയാക്കിയപ്പോൾ അല്ലാഹു കാരുണ്യം ചൊരിഞ്ഞ് നമ്മുടെ പിഴവ് മാപ്പാക്കിയിരിക്കുന്നുവെന്ന് വിളംബരം ചെയ്തു.

ഇതുകേട്ട് ആളുകൾ ഞങ്ങൾക്കു സന്തോഷവാർത്ത അറിയിക്കാൻ തുടങ്ങി. എന്റെ മറ്റു രണ്ടു കൂട്ടുകാരുടേയും അടുത്ത് സന്തോഷവാർത്ത അറിയിക്കുന്നവർ പോയി. ഒരാൾ എന്റെയടുത്ത് ഓടിവന്നു. കുതിരയെ ഓടിച്ചാണ് വന്നത്. അസ്‌ലം ഗാത്രക്കാരനായ ഒരാൾ ഓടിവന്ന് കുന്നിൽക്കയറി ഉറക്കെ വിളിച്ചു പറഞ്ഞു. കുന്നിൽക്കയറി വിളിച്ചുപറഞ്ഞതിന്റെ ശബ്ദം കുതിരയെക്കാൾ വേഗത്തിൽ എന്നിലെത്തിച്ചേർന്നു. അതായത് ഒരാൾ കുതിരപ്പുറത്തായിരുന്നു വന്നത്. മറ്റെയാൾ അവലംബിച്ച രീതി കുന്നിൽക്കയറി വിളിച്ചു പറയുക എന്നതായിരുന്നു. സന്തോഷവാർത്ത അറിയിച്ചുകൊണ്ട് എന്റെയടുത്തുവന്ന വ്യക്തിക്കസന്തോഷം അറിയിച്ചതിന്റെ പേരിൽ ഞാനെന്റെ രണ്ടുവസ്ത്രം ഊരി നൽകി.

അദ്ദേഹം പറയുന്നു: അല്ലാഹുവാണെ സത്യം! ആ സമയത്ത് അതല്ലാതെ മറ്റൊന്നും എന്റെ കൈവശമുണ്ടായിരുന്നില്ല. ഞാൻ മറ്റൊരാളിൽനിന്ന് രണ്ടു വസ്ത്രം കടം വാങ്ങി ധരിക്കുകയും റസൂലുല്ലാഹി ﷺയുടെ അടത്ത് പോകുകയും ചെയ്തു.

ആളുകൾ കൂട്ടംകൂട്ടമായി എന്നെ കണ്ടുമുട്ടുകയും തൗബ (പശ്ചാത്താപം)സ്വീകരിച്ചതിന്റെ പേരി അഭിനന്ദിക്കുകയും ചെയ്തു. അവർ പറഞ്ഞു: 'അല്ലാഹു നിന്റെ പശ്ചാത്താപം സ്വീകരിച്ചതിന് നിനക്ക് അഭിനന്ദനങ്ങൾ!"

ഹദ്റത്ത് കഅ്ബ്ؓപറയുന്നു: 'ഒടുവിൽ ഞാൻ പള്ളിയിലെത്തി. നബിﷺതിരുമേനി ഇരിക്കുന്ന താണ് അവിടെ കാണുന്നത്. നബിﷺതിരുമേനിയുടെ ചുറ്റും ആളുകളുണ്ട്.

ഹദ്റത്ത് ത്വൽഹത്തുബ്നു ഉബയ്ദില്ലാഹ്ؓഎന്നെ കണ്ടപ്പോൾ എന്റെ അടുത്തോടിവന്നു, എന്നെ ഹസ്തദാനം ചെയ്ത് അഭിനന്ദിച്ചു. മുഹാജിറുകളിൽ (മക്കയിൽ നിന്ന് ഹിജ്റചെയ്തു വന്നവർ) നിന്ന് അദ്ദേഹം അല്ലാതെ മറ്റൊരാളും എഴുന്നേറ്റുവന്നില്ല, അല്ലാഹുവാണെ സത്യം! ത്വൽഹയുടെ ഈ പ്രവൃത്തി ഞാനൊരിക്കലും മറക്കുകയില്ല.

ഹദ്റത്ത് കഅ്ബ്ؓപറയുന്നു: 'ഞാൻ നബിﷺതിരുമേനിയോടു സലാം പറഞ്ഞപ്പോൾ, അവിടന്ന് "പറഞ്ഞു: അവിടത്തെ മുഖകമലം സന്തോഷത്താൽ തിളങ്ങുന്നുണ്ടായിരുന്നു. 'നിന്റെ മാതാവ് നിന്നെ പ്രസവിച്ചശേഷം നിന്റെമേൽ കടന്നുപോയ ദിവസങ്ങളിൽ വെച്ചേറ്റവും നല്ല ദിവസത്തിന്റെ സന്തോഷവാർത്ത അറിയിക്കുന്നു.'

ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ഈ സന്തോഷവാർത്ത അങ്ങയുടെ വകയാണോ അതോ അല്ലാഹുവിൽനിന്നുള്ളതോ?'

നബിﷺതിരുമേനി പറഞ്ഞു: 'ഇല്ല, പ്രത്യുത അല്ലാഹുവിൽ നിന്നുള്ളതാണ്.'

നബിﷺതിരുമേനി സന്തോഷിക്കുമ്പോൾ അവിടത്തെ മുഖകമലം ചന്ദ്രബിംബം പോലെ പ്രകാശിക്കുമായിരുന്നു. അതുകണ്ട് ഞങ്ങൾ അവിടത്തെ സന്തോഷം മനസ്സിലാക്കുമായിരുന്നു.

ഞാൻ നബിﷺതിരുമേനിയുടെ മുമ്പിൽ ഇരുന്നപ്പോൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഈ തൗബസ്വീകരിച്ചതിന്റെ പ്രതിഫലമായി എന്റെ സകല സ്വത്തുക്കളും ഞാൻ അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി സ്വദഖ (ദാനധർമ്മം) ആയി നൽകിക്കൊണ്ട് അതിൽ നിന്ന് ഒഴിഞ്ഞുമാറുന്നു.

നബിﷺതിരുമേനി പറഞ്ഞു: 'നിന്റെ സ്വത്തിൽനിന്ന് കുറച്ചുഭാഗം നിനക്കുവേണ്ടി നീക്കിവെക്കുക. കാരണം അതാണ് നിനക്കുത്തമം. 'ഞാൻ പറഞ്ഞു: 'എങ്കിൽ ഖയ്ബറിലുള്ള എന്റെ ഓഹരി ഞാൻ എനിക്കുവേണ്ടി വെച്ചു കൊള്ളാം. 'ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! സത്യസന്ധത കാരണമാണ് അല്ലാഹു എനിക്ക് രക്ഷ നൽകിയത്. എന്റെ തൗബയുടെ(പശ്ചാത്താപത്തിന്റെ) ഭാഗമാണ്. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം എല്ലായ്പ്പോഴും സത്യം പറയുക എന്നത്. കാരണം അല്ലാഹുവാണെ സത്യം! സത്യം പറഞ്ഞതിന്റെ പേരിൽ എന്നെ

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ വസിയ്യത്ത ഇല്ലാ വാരിഥിൻ."**

**അനന്തരാവകാശികൾക്കുവേണ്ടി വസിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ തഉദ് ഫീ സ്വദഖത്തിക്ക."**

**നല്കിയ ധനം തിരിച്ചു വാങ്ങരുത്.**

ത്വാലിബെ ദുആ
**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

പ്പോലെ ഇത്ര മനോഹരമായി പരീക്ഷിക്കപ്പെട്ട മറ്റൊരാളെയും മുസ്‌ലിമീങ്ങളിൽ എനിക്കറിയില്ല.“അദ്ദേഹം പറഞ്ഞു: ഞാൻ സത്യ പറഞ്ഞതുമുതൽ ഇന്നുവരെ ഞാൻ മനഃപൂർവ്വം നുണ പറഞ്ഞിട്ടില്ല, ഞാൻ ജീവിച്ചിരിക്കുന്നിടത്തോളംകാലം അല്ലാഹു എന്നെ സംരക്ഷിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.‘അല്ലാഹു തന്റെ റസൂലിന്റെമേൽ ഈ വഹി അവതരിപ്പിച്ചു: ‘അല്ലാഹു പ്രവാചകന്റേയു ക്ഷാമത്തിന്റേയും ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്ന മുഹാജിറുകളുടേയും അൻസ്വാറിന്റേയും നേർക്ക് പശ്ചാത്താപം സ്വീകരിച്ചുകൊണ്ടു തിരിഞ്ഞു. അവരിലൊരു വിഭാഗത്തിന്റെ മനസ്സ് തെറ്റിപ്പോകാറായിട്ടും അവൻ അവരുടെ തൗബ സ്വീകരിച്ചു. നിശ്ചയം അവനവർക്ക് വളരെ കൃപ കാണിക്കുന്നവനും ആവർത്തിച്ച് കരുണ ചെയ്തുകൊണ്ടിരിക്കുന്നവനുമാണ്.

കഅ്ബ്رضي الله عنهപറയുന്നു: ‘അല്ലാഹുവാണെസത്യം! അല്ലാഹു എനിക്ക് ഇസ്‌ലാമിലേക്ക് വഴി കാണിച്ചതിന് ശേഷം, എന്നെ സംബന്ധിച്ചിടത്തോളം ഇതിനെക്കാൾ വലിയ ഒരനുഗ്രഹവും അവനെനിക്ക് നൽകിയിട്ടില്ല. ഞാൻ നബിﷺതിരുമേനിയോടു സത്യം തുറന്നുപറഞ്ഞു. നുണ പറഞ്ഞിരുന്നെങ്കിൽ നുണ പറഞ്ഞവർ നശിച്ചതുപോലെ ഞാൻ നശിച്ചുപോകുമായിരുന്നു.

ഹദ്റത്ത് കഅ്ബ്رضي الله عنهപറയുന്നു: ‘ഞങ്ങൾ മൂന്നു പേരുടെ കാര്യത്തിലെ തീരുമാനമാണ്, സത്യം ചെയ്തതിന്റെ പേരിൽ നബിﷺ തിരുമേനി ഒഴികഴിവുകൾ സ്വീകരിച്ചവരുടെ തീരുമാനത്തെക്കാൾ മാറ്റിവെച്ചത്. അവിടന്ന് അവരിൽനിന്ന് ബയ്അത്ത് വാങ്ങുകയും അവർക്കുവേണ്ടി പാപമോചനത്തിന് പ്രാർഥിക്കുകയും ചെയ്തു.. എന്നാൽ, അല്ലാഹു തീരുമാനമെടുക്കുന്നതുവരെ നബിﷺതിരുമേനി ഞങ്ങളുടെ തീരുമാനം മാറ്റിവെച്ചു. ‘ഇക്കാര്യമാണ് അല്ലാഹു ഇങ്ങനെ പറയുന്നത്: ‘അതുപോലെ, പിന്നിൽ മാറ്റിവെക്കപ്പെട്ട ആ മൂന്നുപേരുടെമേലും അവൻ അനുഗ്രഹം ചെയ്തു. ‘ഇതിൽ’ പിന്നിൽ മാറ്റിവെക്കപ്പെട്ടവർ’ എന്ന് അല്ലാഹു പറഞ്ഞത്, യുദ്ധത്തിൽനിന്ന് ഞങ്ങൾ മാറിനിന്നതിനെക്കുറിച്ചല്ല, പ്രത്യുത നബിﷺതിരുമേനിയുടെ മുന്നിൽ സത്യം ചെയ്യുകയും ഒഴികഴിവുകൾ പറയുകയും ചെയ്ത, അവിടന്ന് ഒഴികഴിവുകൾ സ്വീകരിക്കുകയും ചെയ്ത ആളുകളിൽനിന്ന് അല്ലഹുവിന്റെ തീരുമാനത്തിൽ ഞങ്ങളെ പിന്നോട്ടു മാറ്റി നിറുത്തിയതിനെ കുറിച്ചാണ് ഞങ്ങൾ സത്യം പറഞ്ഞതുകൊണ്ട്!

ഇനി ഞാൻ മൂന്നു മർഹൂമീങ്ങളെ അനുസ്മരിക്കാനും അവരുടെ ജനാസ നമസ്കാരം നിർവഹിക്കാനുമുള്ളതുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنهതന്റേതായ ശൈലിയിൽ വിവരിച്ച ഈ സംഭവത്തിന്റെ ബാക്കി ഭാഗം ഇൻശാ അല്ലാഹ് അടുത്ത തവണ പറയുന്നതാണ്.

മർഹൂമീങ്ങളിൽ ആദ്യത്തേത് ഹാഫിള് മുഹമ്മദ് ഇബ്റാഹീം ആബിദ് സാഹിബ്(മുറബ്ബിയെ സിൽസില)ആണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം 72-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ചക്വാളിലെ ഒരു പ്രദേശത്താണ് ജനിച്ചത്. 1967-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ കൈകളിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. മർഹൂം ജന്മനാ അന്ധനായിരുന്നു. ഗ്രാമത്തിൽ വെച്ചുതന്നെ വിശുദ്ധഖുർആൻ മനഃപാഠമാക്കി (ഹിഫ്ള് ചെയ്തു). 1967-ൽ ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ചു. 1977-ൽ ജാമിഅയിൽനിന്ന് ശാഹിദ് ഡിഗ്രിയോടൊപ്പം അറബിഫാളിൽ പരീക്ഷയും വിജയിച്ചു. മുറബ്ബി സിൽസില എന്ന നിലയിൽ ഇദ്ദേഹത്തിന് ഇസ്‌ലാഹ് വ ഇർശാദ് മഖാമിയിൽ സേവനം ചെയ്യാനും പിന്നീട് മദ്റസത്തുൽ ഹിഫ്ളിൽ (ഖുർആൻ ഹൃദിസ്തമാക്കുന്ന സ്ഥാപനം) ഉസ്താദായി സേവനം ചെയ്യാനും തൗഫീഖ് ലഭിച്ചു. പിന്നീട് ഫയ്സ്വലാ ബാദിലെ ഒരുഗ്രാമത്തിലും സേവനമനുഷ്ഠിച്ചു. തുടർന്ന് ഇന്തൊനേഷ്യയിൽ രണ്ടു വർഷം മുബല്ലിഗ്( എന്ന നിലയിൽ സേവനം ചെയ്യാൻ അവസരം ലഭിച്ചു. അതിനുശേഷം ഇസ്‌ലാഹ് വ ഇർശാദ് മർകസിയ്യയിൽ സേവനം ചെയ്തു. തുടർന്ന് ദാറുള്ളിയാഫത്തിൽ മുറബ്ബിയായി നിയമിതനായി. അന്ധർക്കുവേണ്ടി രൂപീകരിച്ച മജ്‌ലിസിന്റെ 2000-ൽ ഇദ്ദേഹം സെക്രട്ടറിയായും പ്രവർത്തിച്ചു. ഖിലാഫത്ത് ലൈബ്രറിയിൽ സേവനം ചെയ്യാനും ഇദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. ഇദ്ദേഹം ബ്രയല്ലി ഭാഷ (Braille language) പഠിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ സഹപാഠിയും ഇപ്പോൾ ബംഗ്ലാദേശിലെ മുറബ്ബിയെ സിൽസിലയുമായ ഇംദാദുർറഹ്മാൻ സിദ്ദീഖിസാഹിബ് പറയുന്നു: ജാമിഅ അഹ്മദിയ്യ റബ്‌വയിൽ ഞങ്ങളൊരുമിച്ച് പഠിച്ചിരുന്നു. ഹാഫിള് സാഹിബ് വളരെ ബുദ്ധിശാലിയും പ്രതിഭാശാലിയുമായിരുന്നു. അദ്ദേഹത്തിന് വളരെ നല്ല ഓർമശക്തിയുണ്ടായിരുന്നു.

‘ഞങ്ങളേതെങ്കിലും ഒരു ആയത്തിന്റെ ചെറിയ ഭാഗം മാത്രം വായിച്ചശേഷം ഈ ആയത്ത് ഖുർആനിലെ ഏതുഭാഗത്താണ് വരുന്നതെന്ന് ഹാഫിള് സാഹിബിനോടു ചോദിച്ചാൽ, അദ്ദേഹം ഒരു മിനിറ്റിനുള്ളിൽ ആലോചിച്ച് പറയുമായിരുന്നു: ഈ ആയത്ത് ഇന്ന സൂറത്തിന്റെ തുടക്കത്തിലോ മധ്യത്തിലോ ആണ് വരുന്നതെന്ന്.

കൂടാതെ ജാമിഅയിൽ ഉസ്താദുമാർ പഠിപ്പിച്ചിരുന്ന കാര്യങ്ങളെല്ലാം ഹാഫിള് സാഹിബിന് നന്നായി ഓർമ്മയുണ്ടായിരുന്നു.

ഏതെങ്കിലും ഒരു പ്രശ്നം വരുമ്പോൾ അദ്ദേഹ ം ഉടൻ തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ അടുത്തെത്തുകയും അവിടന്ന് മാർഗനിർദേശം തേടുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിനും ഹാഫിള് സാഹിബിനോടു വലിയ വാത്സല്യമായിരുന്നു.

അതുപോലെ, ഹനീഫ് മഹ്മൂദ് സാഹിബും അദ്ദേഹത്തെക്കുറിച്ച് ധാരാളം എഴുതിയിട്ടുണ്ട്. അതിൽ ചിലത് ഞാൻ പറയാം:

അദ്ദേഹം പറയുന്നു: ‘ഒരിക്കൽ ഞാൻ ഏഴര വർഷത്തിനുശേഷം ആഫ്രിക്കയിൽ നിന്ന് തിരിച്ചു വന്നു. ഞാൻ അദ്ദേഹത്തിന്റെ കൈകളിൽപിടിച്ച് ശക്തിയായി അമർത്തി, പക്ഷേ, ഞാനൊന്നും സംസാരിച്ചില്ല. ഹാഫിള് സാഹിബ് ഉടൻതന്നെ എന്നെ തിരിച്ചറിഞ്ഞു. എന്റെ പേരെടുത്തു കൊണ്ട് ചോദിച്ചു: ‘എപ്പോഴാണ് നീ വന്നത്?’

‘അതായത് ഏഴര വർഷത്തിനു ശേഷവും കൈ സ്പർശിച്ചതിലൂടെ മാത്രം അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു.’ ഖുർആൻ ഓതുമ്പോൾ താൻ ഒരു തെറ്റും വരുത്തുകയില്ല’ എന്ന കാര്യത്തിൽ

ഹാഫിള് സാഹിബിന് വലിയ ആത്മവിശ്വാസമുണ്ടായിരുന്നു. ഇത് സത്യവുമായിരുന്നു.’

ഹനീഫ് സാഹിബ് ഒരു സംഭവം എഴുതുന്നു: ‘ഞാൻ ഇവിടെ ജൽസയിൽ വന്നപ്പോൾ അദ്ദേഹം എന്നെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു: ഞാൻ താങ്കളെ കണ്ടു.’ അപ്പോൾ ഞാൻ അദ്ദേഹത്തോടു ചോദിച്ചു: ‘നിങ്ങളെങ്ങനെയാണ് കണ്ടത്? നിങ്ങൾക്ക് കാഴ്ചശക്തിയില്ലല്ലോ?’ അദ്ദേഹം പറഞ്ഞു: ‘എന്റെ മനസ്സിന്റെ കണ്ണുകൊണ്ട് ഞാൻ കണ്ടത് ഭൗതികമായ കണ്ണിന് കാണാൻ സാധിക്കുകയില്ല.’

അദ്ദേഹത്തിന് വലിയ ആത്മാർഥതയും കൂറുമുണ്ടായിരുന്നു. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ ഗ്രന്ഥങ്ങളിലെ ഉദ്ധരണികൾ (References) അദ്ദേഹം ധാരാളമായി ഹൃദിസ്തമാക്കിയിരുന്നതിനെക്കുറിച്ചും പലരും എഴുതിയിട്ടുണ്ട്.

**• ഹദീഥുന്നബ്‌വിﷺ •**

“സ്വൂമൂ തസ്വിഹ്ഹൂ’
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

“അൽ അയ്നു ഹഖ്ഖുൻ.”
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഏകദേശം 47 വർഷം അദ്ദേഹത്തിന് ജമാഅത്തിനു വേണ്ടി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസ്വി ആയിരുന്നു. ഖിലാഫത്തിനോടു അദ്ദേഹത്തിന് അഗാധമായ കൂറും ബന്ധവുമായിരുന്നു.

അദ്ദേഹത്തിന്റെ കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ട് ആൺമക്കളും നാലുപെൺമക്കളും ഉൾപ്പെടുന്നു.

അല്ലാഹു അദ്ദേഹത്തോടു കാരുണ്യത്തിന്റേയും പാപമോചനത്തിന്റേയും വഴി സ്വീകരിക്കുകയും അദ്ദേഹത്തിന്റെ മക്കൾക്ക് ക്ഷമയും ധൈര്യവും നൽകുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം ലൈബീരിയായിലെ മുഅല്ലിം ശെയ്ഖ് അബൂബക്ർ ജോർജ് സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം 70-ാംവയസ്സിൽ കുറച്ചുകാലം അസുഖബാധിതനായശേഷം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കുറച്ചുകാലമായി അദ്ദേഹം ശ്വാസകോശ സംബന്ധമായ രോഗംകാരണത്താൽ ചികിത്സയിലായിരുന്നു. 1980-ൽ സിയറലോണിൽവെച്ച് ബയ്അത്ത് ചെയ്ത അദ്ദേഹം ജമാഅത്തിൽ ച്ചേർന്നു.ഭൗതികമായി അദ്ദേഹം നല്ല അവസ്ഥയിലായിരുന്നു. വിരമിച്ച ശേഷം അല്ലാഹു അദ്ദേഹത്തിന്റെ മനസ്സിൽ ദീനിന്റെ സേവനത്തിനായുള്ള അസാധാരണമായ ആവേശ മുണ്ടാക്കി. അറുപതു വയസ്സുള്ളപ്പോൾ, അദ്ദേഹം അതിനുമുമ്പേയും ഖുർആൻ ശരീഫ് പാരായണം ചെയ്യാറുണ്ടായിരന്നെങ്കിലും അകിനുശേഷ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുകയുമ കൃത്യമായ രീതിയിൽ ഖുർആൻ പഠിക്കുകയും ചെയ്തു. തുടർന്ന്, തന്റെ ശേഷിച്ച ജീവിതം ദീനിന്റെ സേവനത്തിനായി ചെലവഴിക്കുമെന്ന് അദ്ദേഹം ദൃഢനിശ്ചയം ചെയ്തു.അദ്ദേഹം വാഖിഫെ സിന്ദഗി ആയിരുന്നില്ലെങ്കിലും വാഖിഫെ സിന്ദഗിയെക്കാൾ മികച്ച നിലയിലുള്ള ഒരുപ്രായോഗിക ഭാവം അദ്ദേഹം കാഴ്ചവെച്ചു. ജമാഅത്തിന്റെ സേവനത്തിലും പ്രബോധനത്തിലും അദ്ദേഹം എപ്പോഴും മുന്നിലായിരുന്നു. .ജമാഅത്തിന്റെ വകയായി അദ്ദേഹത്തിന് ഒരു വർഷത്തെ അടിസ്ഥാന വിദ്യഭ്യാസം (കണ്ടൻസന്റ് കോഴ്സ്) ലഭിച്ചു. അതിനുശേഷം അദ്ദേഹത്തെ മുഅല്ലിമായി നിയമിച്ചു. 2012-ൽ സ്വന്ത ം നഗരത്തിൽ വെച്ചുതന്നെ അദ്ദേഹത്തെ മുഅല്ലിം ആയി നിയമിച്ചു. അദ്ദേഹത്തിന് ഗാന്റാ നഗരത്തിൽ സ്വന്തമായി വീടുണ്ടായിരുന്നു. അത് അദ്ദേഹം ജമാത്തിന്റെ സെന്ററായി പ്രവർത്തിക്കുന്നതിനുവേണ്ടി വഖ്ഫു ചെയ്തു. ഈ വീടിന്റെ പരിസരത്ത് അദ്ദേഹം ചെറിയൊരു പള്ളിയും നിർമിക്കുകയും ദീനീ സേവനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. അങ്ങനെ നിംബാ കൗണ്ടിയിലെ ആദ്യത്തെ മുബല്ലിഗ് എന്ന ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു. വഫാത്തുവരെ ഇവിടെ സേവനം ചെയ്യാൻ അദ്ദേത്തിന് തൗഫീഖു ലഭിച്ചു. ഗാന്റയിൽ അദ്ദേഹം തന്റെ സ്വന്തം പ്ലോട്ട് പള്ളിക്കും മിഷൻ ഹൗസിനുമായി നൽകി. ഇന്ന് അവിടെയാണ് കേന്ദ്രമസ്ജിദും റീജിയണൽ മിഷൻ ഹൗസും നിലകൊള്ളുന്നത്. അതുപോലെ, മൺറോവിയയുടെ പ്രാന്തപ്രദേശങ്ങളിൽ ഒരു പ്ലോട്ടും ഒരു ചെറിയവീടും അദ്ദേഹം ജമാഅത്തിന് ദാനം ചെയ്തു. പരേതൻ ജമാഅത്തുമായി എപ്പോഴും ആത്മാർഥതയുടേയും വിശ്വസ്തതയുടേയും ബന്ധം കാത്തുസൂക്ഷിച്ചു. വാർദ്ധക്യവും ബലഹീനതയുമുണ്ടായിട്ടും തന്റെ കൗണ്ടിയിലെ വിദൂര പ്രദേശിങ്ങളിലേക്ക് അദ്ദേഹം നിരന്തരം സന്ദർശനം നടത്തിയിരുന്നു. അവിടുത്തെ വഴികൾ ദുർഘടവും യാത്രയ്ക്ക് ദുഷ്കരവുമായിരുന്നു.അദ്ദേഹത്തിന്റെ തബ്ലീഗ് ശ്രമങ്ങളുടെ ഫലമായി ചില ഗ്രാമങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. അദ്ദേഹം നമസ്കാരം നോമ്പ് ഖുർആൻ പാരായണം എന്നിവ കൃത്യമായി പാലിച്ചിരുന്നു. ചന്ദകൾ നൽകുന്നതിൽ കൃത്യത കാണിച്ചിരുന്നു. ദരിദ്രരെ ശ്രദ്ധിക്കുന്നയാളും, സാമ്പത്തിക ത്യാഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നയാളുമായിരുന്നു. സൽസ്വഭാവിയും ആത്മാർഥനുമായിരുന്നു അദ്ദേഹം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസ്വിയായിരുന്നു. വഫാത്തിനു ശേഷം വസ്വിയ്യത്തിന്റെ കണക്ക് പരിശോധിച്ചപ്പോൾ ഏകദേശം നാലു ലക്ഷം ലൈബീരിയൻ ഡോളർ അധികമായി അദ്ദേഹം അടച്ചിരുന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. കുടുംബത്തിൽ രണ്ട് ഭാര്യമാരെ കൂടാതെ മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉൾപ്പെടുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യുമാറാകട്ടെ, അദ്ദേഹത്തിന്റെ തലമുറകളിൽ ജമാഅത്തിനോടുള്ള വിശ്വസ്തയുടെ ബന്ധം നിലനിറുത്തുകയും ചെയ്യുമാറാകട്ടെ.

മൂന്നാമത്തെ വ്യക്തി, ലൈബീരിയായിലെ ഡോക്ടർ ഫള്ൽ മഹ്മൂദ് ഭന്നുൻ സാഹിബിന്റെ ഭാര്യയായിരുന്ന സമീന ഭന്നുൻ സാഹിബയാണ്. ഇവരും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരന്ന ഹദ്റത്ത് മൗലാനാ അബ്ദുർ റഹീം ദർദ് സാഹിബിന്റെ ദൗഹിത്രിയായിരുന്നു. ദർദ് സാഹിബ് യുകെയിലെ മുബല്ലിഗായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പരേത റബ്വയിൽ നിന്നാണ് ബ ി.എ. വിദ്യഭ്യാസം നേടിയത്. ലാഹോറിലെ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. അറബിക് നേടി. ഏകദേശം 35 വർഷം ആഫ്രിക്കയിൽ, തന്റെ വാഖിഫെ സിന്ദഗി ഭർത്താവിനൊപ്പം എല്ലാത്തരം വെല്ലുവിളികളേയും ധീരതയോടെ നേരിട്ടുകൊണ്ട് അവർ കഴിച്ചുകൂട്ടി. എല്ലാ സാഹചര്യങ്ങളിലും അവർ സ്ഥൈര്യം പാലിച്ചു. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും, വാഖിഫിന്റെ വശങ്ങൾ പൂർത്തീകരിച്ചു കൊണ്ട് സന്തോഷത്തോടെയും നിറഞ്ഞ പ്രസന്നതയോടെയും അവർ നിറവേറ്റി. വൈവാഹിക ജീവിതത്തിൽ സ്നേഹവും ഐക്യവും നിലനിറത്താൻ അവർ എ പ്പോഴും ശ്രമിച്ചു. അവരുടെ അടുത്ത ബന്ധുവായ, അവരുടെ സഹോദരഭാര്യ ഇവർക്കുവേണ്ടി എഴുതുന്നു: കുടുംബബന്ധങ്ങൾ തമ്മിൽ യോജപ്പിക്കാൻ അവർ എപ്പോഴും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. എല്ലാവരോടും വലിയ സ്നേഹത്തോടും വാത്സല്യത്തോടുംകൂടി അവർ പെരുമാറി. ഫ്രഞ്ച് ഡെസ്കിന്റെ ഇൻചാർജായ അബ്ദുൽ ഗനി ജഹാംഗീർ സാഹിബ് എഴുതുന്നു (സമീന സാഹിബയുടെ ഭർത്താവ് ഫ്രാൻസുമായി ബന്ധമുള്ള ആളായിരുന്നതിനാൽ ഇവർക്ക് ജഹാംഗീർ സാഹിബുമായും അദ്ദേഹത്തിന്റെ മാതാവുമായും ബന്ധമുണ്ടായിരുന്നു):'ഒരിക്കൽ ഞാൻ പരേതയോടു ചോദിച്ചു: 'ഡോക്ടർസാഹിബിന്റെ റിട്ടയർമെന്റിന് ശേഷം നിങ്ങൾ പാകിസ്താനിൽ തിരിച്ചുപോകാനാണോ, അതോ ഭർത്താവിന്റെ നാടായ മൗറീഷ്യസിലേക്ക് പോകാനാണോ ആഗ്രഹിക്കുന്നത്? അവർ പറഞ്ഞു: 'ഇല്ല, ഞാൻ ആഫ്രിക്കക്കാരിയായി മാറി. പാക ിസ്ഥാനുമില്ല, മൗറീഷ്യസുമില്ല. എനിക്ക് ആഫ്രിക്ക ഇഷ്ടമാണ്. എനിക്ക് എന്നെന്നേക്കുമായി ഇവിടെ താമസിക്കാനാണ് ആഗ്രഹം. 'ഫ്രഞ്ച് സംസാരിക്കുന്ന രാജ്യങ്ങളിൽ താമസിച്ചിരുന്നതുകൊണ്ട് മർഹൂമയ് ക്ക് ഫ്രഞ്ച് ഭാഷയിൽ നല്ല പ്രാവീണ്യം ലഭച്ചിരുന്നു.അദ്ദേഹം പറയുന്നു: 'ഒരിക്കൽ പരേതയുടെ അമ്മായിഅമ്മ എന്നോടു പറഞ്ഞു: 'സമീനയാണ് എന്റെ ഏറ്റവും ഇഷ്ടപ്പെട്ട മരുമകൾ. കാരണം അവൾ ഉള്ളതിൽ തൃപ്തിപ്പെടുന്നവളാണ്. ഒരിക്കലും ഒരുപരാതിയും പറഞ്ഞിട്ടില്ല.' (ഡോക്ടർമാർക്ക് ചിലപ്പോൾ നല്ല സാഹചര്യങ്ങൾ ലഭിക്കുമെങ്കിലും, ആദ്യഘട്ടങ്ങളിൽ വരുമാനം കുറവായിരിക്കും. ചെറിയതുകകൊണ്ട് ജീവിക്കേണ്ടിവരും). ഇതത്തരം സാഹചര്യത്തിലും അവർ വലിയ ക്ഷമയോടും ധൈര്യത്തോടുംകൂടി ഭർത്താവിനെ പിന്തുണച്ച് ജീവിതം കഴിച്ചുകൂട്ടി. അവരുടെ ഭർത്താവും വലിയ വിശ്വസ്തതയോടെ വഖ്ഫ് കർത്തവ്യം നിറവേറ്റി. അദ്ദേഹം ആത്മാർഥതയുമായി ബന്ധപ്പെട്ട് ഒരു സംഭവം പറയുന്നു: മകൾ അനീലാ (അവളിപ്പോൾ ഡോക്ടറാണ്, വഖ്ഫു ചെയ്ത് ആശുപത്രിയിൽ സേവനം ചെയ്യുന്നു) സ്കൂളിൽനിന്ന് വന്നപ്പോൾ അവളുടെ സ്കൂൾബാഗ് കീറിയിരുന്നു. ഉടൻതന്നെ പുതിയബാഗ് വാങ്ങി നല്കുന്നതിനുപകരം മർഹൂമ മകളോടു പറഞ്ഞു: 'നിൽക്കുമോളെ ഞാൻ അത് ശരിയാക്കിത്തരാം. 'എന്നിട്ട് സ്വന്തംകൈകൊണ്ട് അവരത് തുന്നി ശരിയാക്കിക്കൊടുത്തു. പരേത അങ്ങേയറ്റം ലളിതജീവിതം നയിക്കുന്നവരും അഞ്ചു നേരത്തെ നമസ്കാരം കൃത്യമായി നിർവഹിക്കുന്നവരും, സൗഹൃദമുള്ളവരും ദയയും വാത്സല്യവുമുള്ളവരും എല്ലാവരെയും പരിഗണിക്കുന്നവരും പ്രാർഥിക്കന്നവരും ക്ഷമയും നന്ദിയും കാണിക്കുന്നവരും, അതിഥിസത്കാരപ്രിയയും ഉന്നതമായ സ്വഭാവങ്ങൾക്കുടമയും, സാധുസംരക്ഷയും ആയിരുന്നു. തുടക്കത്തിൽ ബുർക്കിനാ ഫാസോയിലേക്കുപോയ മുറബ്ബിമാർ എനിക്കെഴുതി: 'ഞങ്ങൾ അവിടെ പോകുമ്പോൾ അവർ ഞങ്ങളെ വളരെ ശ്രദ്ധിക്കുമായി

രുന്നു. ഞങ്ങൾ ഒറ്റക്കായിരുന്നതിനാൽ, ഭക്ഷണത്തിന്റേയും മറ്റും കാര്യത്തിൽ അവരെപ്പോഴും ശ്രദ്ധിച്ചിരന്നു.'ഖിലാഫത്തിനോടു അനുരാഗബദ്ധമായ ബന്ധമായിരുന്നു അവർക്ക്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മർഹൂമ മൂസിയാണ്. ഭർത്താവിനെക്കൂടാതെ ഒരു മകളും അവർക്കുണ്ട്. അവരുടെ ഒരു സഹോദരൻ മഹ്മൂദ് ആതിഫ് സാഹിബ്(പള്ലെ ഉമർ ഹോസ്പിറ്റൽ റബ്വ), മറ്റൊരു സഹോദരൻ ഹാമിദ് മക്സൂദ് ആതിഫ് സാഹിബ്(മുറബ്ബി സിൽസില) എന്നിവരാണ്. അല്ലാഹു തആല മർഹൂമയ്ക്ക് മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യുമാറാകട്ടെ. അവരുടെ ദർജകൾ (പദവികൾ) ഉയർത്തുകയും ചെയ്യുമാറാകട്ടെ. ഈ മൂന്ന് പേർക്കും വേണ്ടി, ഞാൻ പറഞ്ഞതുപോലെ, നമസ്കാരത്തിനുശേഷം ജനാസ ഗാഇബ് നിർവ്വഹിക്കുന്നതാണ്..

പേജ് 12 ൽ നിന്ന്

ത്തിയപ്പോൾ അബൂ ആമിർ തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി. അയാൾ പറഞ്ഞു: 'മുഹമ്മദേﷺ, നിങ്ങൾ എന്തിലേക്കാണ് ക്ഷണിക്കുന്നത്?' നബി സ)തിരുമേനി പറഞ്ഞു: 'ഞാൻ നിങ്ങളെ 'ദീനുൽ ഹനീഫി'ലേക്കാണ് ക്ഷണിക്കുന്നത്. നിങ്ങൾതന്നെ തേടുന്നുവെന്ന് വാദിക്കുന്ന അതേ മതം.' അബൂ ആമിർ പറഞ്ഞു: 'നിങ്ങൾ ആ മതത്തിൽ തന്നെയാണോ?' നബിﷺ തിരുമേനി പറഞ്ഞു: 'അതേ, തീർച്ചയായും.' തുടർന്ന് അവിടന്ന് അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ, അയാൾ നിഷേധിക്കുകയും അസൂയപ്പെടുകയും തിരുമേനിയെ അപലപിക്കുകയും ചെയ്തു. അബൂ ആമിർ പരിഹാസത്തോടെ പറഞ്ഞു: 'ഞങ്ങളിൽ ആരാണോ വ്യാജൻ, അല്ലാഹു അവനെ അന്യനും നാടുകടത്തപ്പെട്ടവനുമാക്കി കൊല്ലട്ടെ.' അയാൾ നബിﷺതിരുമേനിയാണ് വ്യംഗ്യരൂപേണ സൂചിപ്പിച്ചത്. നബിﷺതിരുമേനി മറുപടി നൽകി: 'അതേ, വ്യാജന്റെ കാര്യത്തിൽ അല്ലാഹു അങ്ങനെ തന്നെ ചെയ്യും.' അതിനുശേഷം, അബൂആമിർ തന്റെ ഗോത്രക്കാരെ നബിﷺതിരുമേനിയെ അനുഗമിക്കുന്നതിൽനിന്ന് തടഞ്ഞുകൊണ്ടിരുന്നു. നബിﷺതിരുമേനിയെ അനുസരിക്കരുതെന്ന കാര്യത്തിൽ ശക്തിചെലുത്തിക്കൊണ്ടിരുന്നു.

നബിﷺതിരുമേനിയുടെ അടയാളങ്ങളും അത്ഭുതങ്ങളും ദിനംപ്രതി വെളിപ്പെടുകയും അനുയായികൾ വർദ്ധിക്കുകയും ചെയ്തതോടെ, പ്രത്യേകിച്ചും അബൂ ആമിറിന്റെ ഗോത്രക്കാർ ഇസ്‌ലാമിൽ ചേർന്നതോടെ, അയാൾക്ക് കൂടുതൽ ദേഷ്യമായി. അങ്ങനെ, അയാൾ മുനാഫിക്കുകളുമായി ചേർന്ന് ഒരു പള്ളി നിർമ്മിച്ചു. ഇസ്‌ലാമിക ചരിത്രത്തിൽ ഇത് മസ്ജിദ് ളിറാർ (ഉപദ്രവത്തിന്റെ പള്ളി) എന്ന പേരിലാണ് അറിയപ്പെടുന്നത്. ആളുകളെ അവിടെ ഒരുമിച്ചുകൂട്ടി അവരുമായി സംസാരിക്കാനും നബിﷺതിരുമേനിയുടെ അനുസരണത്തിൽ നിന്ന് അവരെ തടയാനും വേണ്ടിയായിരുന്നു ഇത്.

ഒരു നിവേദനമനുസരിച്ച്, അബൂ ആമിർ തന്റെ കൂട്ടാളികളായ ഗൂഢാലോചനക്കാരോട് പറഞ്ഞു: 'നിങ്ങൾ ഒരു പള്ളി നിർമ്മിക്കുകയും അതിനെ നിങ്ങളുടെ സൈനിക താവളമാക്കി യുദ്ധത്തിന് തയ്യാറെടുക്കുകയും ചെയ്യുക. ഞാൻ റോമൻ ചക്രവർത്തിയുമായി കൂടിക്കാഴ്ച നടത്തി ഒരു വൻ സൈന്യവുമായി വരാം. അങ്ങനെ മുഹമ്മദിനെയും അവന്റെ കൂട്ടുകാരെയും മദീനയിൽ നിന്ന് പുറത്താക്കാൻ സാധിക്കും.'

അങ്ങനെ അബൂ ആമിർ റോമൻ സാമ്രാജ്യത്തിലേക്ക് പോവുകയും സിറിയയിൽ വെച്ച് റോമൻ ചക്രവർത്തിയായ ഹെർക്കുലീസിനെ (Heraclius) കാണുകയും ചെയ്തു.

നബിﷺതിരുമേനി മുസ്‌ലിങ്ങൾക്കുമെതിരെ യുദ്ധം ചെയ്യാൻ അയാൾ ചക്രവർത്തിയെ പ്രേരിപ്പിച്ചു. മുസ്‌ലിമീങ്ങൾ ദുർബ്ബലരും ദരിദ്രരും എണ്ണത്തിൽ കുറഞ്ഞവരുമാണെന്നും അവർക്ക് ഏറെ ശത്രുക്കളുണ്ടെന്നും അതിനാൽ അവരെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നും അയാൾ പറഞ്ഞു. അയാൾ ചക്രവർത്തിയോടു പറഞ്ഞു, മുസ്‌ലിമീങ്ങൾക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ ഭാവിയിൽ റോമൻ സാമ്രാജ്യത്തിന് അത് ദോഷകരമാകും. ഹെർക്കുലീസ് അയാളെ തന്റെ അടുത്ത് താമസിപ്പിക്കുകയും സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സമയം, അബൂആമിർ തന്റെ സമാന ചിന്താഗതിക്കാരായ ദുഷ്ടരായ ഗൂഢാലോചനക്കാർക്ക് ഒരു സന്തോഷവാർത്ത അറിയിച്ചു: 'ഞാനുടൻതന്നെ ഒരു വലിയ സൈന്യവുമായി മദീന മുനവ്വറയെ ആക്രമിക്കും. അതുകൊണ്ടു നിങ്ങൾ എനിക്കായി ഒരു പ്രത്യേക താവളം പണിയുക.'ഈ ലക്ഷ്യത്തോടെ മുനാഫിഖുകൾ ഖുബായിൽ ഒരു മസ്ജിദ് നിർമ്മിച്ചു. ഈ മസ്ജിദാണ് മസ്ജിദ് ളിറാർ എന്ന് അറിയപ്പെടുന്നത്. എന്നാൽ, അബൂ ആമിറിന്റെ ഈ ആഗ്രഹവും സഫലമായില്ല. ഒടുവിൽ, അയാൾ സിറിയയിൽവെച്ച് ഏകാന്തതയിലും പ്രവാസത്തിലും മരണപ്പെട്ടു. നബിﷺതിരുമേനിക്കെതിരെ അയാൾ പ്രാർഥിച്ച ശാപം അയാൾക്കുതന്നെ തിരിച്ചടിക്കുകയായിരുന്നു. അയാൾ എപ്പോഴാണ് മരിച്ചതെന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. ചിലരുടെ അഭിപ്രായത്തിൽ ഹിജ്റ ഒൻപതിലാണ്, മറ്റു ചിലരുടെ അഭിപ്രായത്തിൽ ഹിജ്റ പത്തിലുമാണ്. എങ്കിലും, എന്തായാലും അയാൾ ആരോരുമില്ലാതെയാണ് മരിച്ചത്.*(തഥ്ബിയ്യത്ത് ദലാഇലുന്നുബുവ്വ വാല്യം 2, പേജ് 475, മക്തബ നാശിർ: ദാറുൽമുസ്തഫാ അൽഖാഹിറ)(ശറഹ് അൽ അലാമത്തുസ്സർഖാനി അലൽ മവാഹിബുല്ലദുന്നിയ്യ വാല്യം 2, പേജ് 424 ദാറുൽകുതുബുൽ ഇൽമിയ്യ 1996) (അല്ലുഅലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോ പീഡിയ വാല്യം 9, പേജ് 552-554, ദാറുസ്സലാം)*

മുനാഫിഖുകൾ പള്ളിയുടെ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ, അവർ നബിﷺതിരുമേനിയുടെ അടുത്ത് ഹാജരായി, അവിടെ നമസ്കരിക്കാൻ നബിﷺതിരുമേനിയോടു അപേക്ഷിച്ചു. അല്ലാഹുവിന്റെ യുക്തി നോക്കൂ, അവിടന്ന് തബൂക്കിൽ പോകാൻ തയ്യാറെടുക്കുന്ന സമയത്താണ് അവർ ഈ നാമമാത്ര പള്ളിയുടെ ഉദ്ഘാടനത്തിനുള്ള അപേക്ഷയുമായി വന്നത്. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, രോഗികൾക്കും, ആവശ്യമുള്ളവർക്കും, മഴയുള്ള രാവുകളിലേക്കുമായി ഞങ്ങൾ ഒരു മസ്ജിദ് നിർമിച്ചിട്ടുണ്ട്. അങ്ങ് ദയവുചെയ്ത് വന്ന് ഞങ്ങൾക്ക് വേണ്ടി അവിടെ നമസ്കാരം നിർവഹിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. നബിﷺതിരുമേനി മറുപടി നൽകി: 'ഞാൻ ഇപ്പോൾ തിരക്കിലാണ്. ഞാൻ യാത്രയ്ക്ക് തയ്യാറെടുക്കുകയാണ്. ഞങ്ങൾ യാത്ര കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അവിടെ നമസ്കരിക്കാം.' അവിടന്ന് തബൂക്ക് യുദ്ധത്തിൽനിന്ന് തിരിച്ചുവരുന്ന സമയത്ത് മദീനയിൽനിന്ന് ഒരു മണിക്കൂർ ദൂരമുള്ള ദീ അവാൻ എന്ന സ്ഥലത്ത് തമ്പടിക്കവെ മുനാഫിഖുകൾ നിർമ്മിച്ച ഈ മസ്ജിദിനെക്കുറിച്ച് ഈ വിശുദ്ധ ഖുർആൻ വാക്യം അവതരിച്ചു: **വല്ലദീനത്തഖദൂ മസ്ജിദൻ ളിറാറൻ വ്വ കുഫ്റൻ വ്വ തഫ്‌രീഖൻ ബയ്നൽ മുഅ്മിനീന വ ഇർസ്വാദൻ ല്ലിമൻ ഹാറബല്ലാഹ വ റസൂലഹു മിൻ ഖബ്‌ലു വലയഹ്‌ലിഫുന്ന ഇൻ അറദ്നാ ഇല്ലൽഹുസ്നാ വല്ലാഹു യശ്ഹദു ഇന്നഹും ലകാദിബൂൻ**(9:107)

(ഇസ്‌ലാമിനെ) ദ്രോഹിക്കുവാനും (അവിശ്വാസത്തെ)സഹായിക്കുവാനും വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുവാനും, അല്ലാഹുവിനോടും അവന്റെ ദൂതനോടും ഇതിനുമുമ്പേ യുദ്ധം ചെയ്തവന് ഒരു താവളമുണ്ടാക്കാനും വേണ്ടി ഒരു പള്ളി ഉണ്ടാക്കിയവരും (ആ കപട വിശ്വാസികളടെ കൂട്ടത്തിലുണ്ട്. ഞങ്ങൾ നന്മയല്ലാതെ മറ്റൊന്നും ഉദ്ദേശച്ചിട്ടില്ലെന്ന് അവർ ദൃഢസ്വരത്തിൽ സത്യം ചെയ്തു പറയും. അവർ കള്ളം പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹക്കുന്നു.

ഈ വഹി ഇറങ്ങിയതിനുശേ

• ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വിﷺ •

**"അന്നദമു തൗബത്തുൻ."**
**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

**"ലാ തതമന്നഉൽമൗത്ത."**
**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ഷം നബിﷺതിരുമേനി ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും, ഹദ്റത്ത് മഅ്ൻ ബിൻ അദിയ്യ് എന്നിവരെ വിളിപ്പിച്ചു. അവരോടു മസ്ജിദ് ളിറാർ തകർക്കാൻ കൽപ്പിച്ചു. കുറച്ചു നിവേദനങ്ങളിൽ, ഹദ്റത്ത് ആസിം ബിൻ അദിയ്യിനേയും, ആമിർ ബിൻ സകനേയും, ഹദ്റത്ത് ഹംസ ؓയുടെ ഘാതകനായ വഹ്ശിയേയും, സുവയ്ദ് ബിൻ അബ്ബാസിനേയും നബിﷺതിരുമേനി ഈ ആവശ്യത്തിന് അയച്ചുവെന്നും കാണുന്നുണ്ട്. ശറഹ് സർഖാനിയിൽ എഴുതിയിരിക്കുന്നത്, ആദ്യം രണ്ടുപേരെ അയക്കുകയും പിന്നീട് അവരുടെ സഹായത്തിന് നാലുപേരെക്കൂടി അയക്കുകയും ചെയ്തതായിരിക്കാമെന്നാണ്.

എന്തായാലും, നബിﷺതിരുമേനി അവരോടു മസ്ജിദ് ളിറാറിൽ പോകാൻ പറഞ്ഞു. അത് തകർക്കുകയും തീയിടാനും നിർദ്ദേശം നൽകി.

അങ്ങനെ അവരെല്ലാവരും അതിവേഗം ബനൂസാലിം ഗോത്രത്തിലെത്തി. ഹദ്റത്ത് മാലിക്ؓതന്റെ രണ്ടു കൂട്ടുകാരോടും, 'ഞാൻ നിങ്ങളുടെയടുക്കൽ തിരിച്ചെത്തുന്നതുവരെ നിങ്ങൾ കാത്തിരിക്കുക' എന്ന് പറഞ്ഞു. അദ്ദേഹം വീട്ടിൽനിന്ന് ഉണങ്ങിയ ഈന്തപ്പന മടലുകളിൽ തീ കൊളുത്തിക്കൊണ്ടുവന്നു. അങ്ങനെ, അവർ മഗ്രിബിനും ഇശാക്കുമിടയിലുള്ള നേരത്ത് മസ്ജിദ് ളിറാറിനടുത്തെത്തി. അവിടെ ചെന്ന് അതിന് തീയിടുകയും അത് നിലംപരിശാക്കുകയും ചെയ്തു. ആ സമയത്ത് പള്ളി പണിത ആളുകൾ അവിടെ ഉണ്ടായിരുന്നുവെങ്കിലും, തീ കണ്ടപ്പോൾ അവർ നാനാഭാഗത്ത് ഓടിപ്പോയി. നബിതിരുമേനിﷺ മദീനയിൽ തിരിച്ചെത്തിയപ്പോൾ, ആ സ്ഥലം (മസ്ജിദ് ളിറാർ തകർത്ത സ്ഥലം) അഹ്സൻ ബിൻ അദിയ്യ്ؓന് നൽകാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന് അവിടെ ഒരു വീട് പണിയാൻ വേണ്ടിയായിരുന്നു അത്. എന്നാൽ അഹ്സൻ ബിൻ അദിയ്യ്ؓ വിസമ്മതിച്ചു കൊണ്ടു പറഞ്ഞു: 'ഈ സ്ഥലത്തെക്കുറിച്ച് അല്ലാഹു എന്താണ് വെളിപ്പെടുത്തിയതെന്ന് അങ്ങയ്ക്കറിയാമല്ലോ. ഇത് അങ്ങനെയുള്ള ഒരിടമാണ്, ഞാൻ ഇവിടെ വീടുപണിയാൻ ആഗ്രഹിക്കുന്നില്ല, എനിക്ക് അതിന്റെ ആവശ്യമില്ലതാനും. അതുകൊണ്ട് അങ്ങ് ഇത് ഥാബിത് ബിൻ അക്രംؓന് നൽകുക, കാരണം അദ്ദേഹത്തിന് വീടില്ല. നബിﷺതിരുമേനി ആ സ്ഥലം ഥാബിത് ബിൻ അക്രമിന് ؓനൽകി. മസ്ജിദ് ളിറാർ പണിത പന്ത്രണ്ട് മുനാഫിക്കുകളുടെ പേരുകളും ഇബ്നു ഇസ്ഹാഖ് രേഖപ്പെടുത്തിയിട്ടുണ്ട്.*(ശറഹുൽ അല്ലാമത്തുസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ വാള്യം 4, പേജ് 97-98, ദാറുൽകുതുബുൽ ഇൽമിയ്യ 1996)(സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 470-472, ദാറുൽകുതുബുൽ ഇൽമിയ്യ 1993)(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ് ഇസ്ഹാഖ് പേജ് 608-609 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2004)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യെ 9, പേജ് 555, ദാറസ്സലാം)*

ഓരോ ഘട്ടത്തിലും മുനാഫിഖുകളുടെ ഭാഗത്തുനിന്ന് അപകടകരമായ ഗൂഢാലോചനകൾ- അതിൽ പ്രയാസങ്ങളും വധഗൂഢാലോചനകളും ഉൾപ്പെടുന്നു- നേരിടേണ്ടി വന്നിട്ടും, അവർ കൈയോടെ പിടിക്കപ്പെട്ടിട്ടും, നബിﷺതിരുമേനി എപ്പോഴും അവർക്ക് മാപ്പ് നൽകി എന്നത് അവിടത്തെ വിശാലമായ കാരുണ്യത്തിനും, ഔദാര്യത്തിനും, വിട്ടുവീഴ്ചയ്ക്കും മകുടോദാഹരണമാണ്. ഭരണകൂടത്തിനും വ്യവസ്ഥിതിക്കും ഭീഷണിയായിടത്ത് മാത്രമേ അവിടന്ന് ശിക്ഷ നൽകിയിട്ടുള്ളൂ. അവിടെയും ആ ഭീഷണി ഇല്ലാതാക്കാൻ ആവശ്യമായ നടപടി മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. അല്ലാതെ, കഠിനമായ ശിക്ഷകൾ നൽകാൻ കഴിയുമായിരുന്നിട്ടും അവിടന്ന് അത് നൽകിയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ മുനാഫിഖുകളുടെ സ്വഭാവത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു:'നമസ്കാരത്തിന്റെ പേരിൽ ഒരുമിച്ചു കൂടാനും കപടമായ കൂടിയാലോചനകൾ നടത്താനും വേണ്ടി മുനാഫിക്കുകൾ ഖുബായിൽ നിർമ്മിച്ച ആ പള്ളി പൊളിച്ചുനീക്കാനും, അവർ മുസ്‌ലിമീങ്ങളുടെ മറ്റു പള്ളികളിൽ നമസ്കരിക്കാൻ നിർബന്ധിതരാകണമെന്നും അല്ലാഹു വഹ്‌യിലൂടെ കൽപ്പിച്ചു. എന്നാൽ, ഇത്ര വലിയ ഒരു ദുഷ്പ്രവൃത്തിക്കുശേഷവും അവർക്ക് ശാരീരികമോ സാമ്പത്തികമോ ആയ ഒരു ശിക്ഷയും നൽകിയില്ല. (അവരെക്കുറിച്ച് നബിﷺതിരുമേനിക്ക് അറിവ് ലഭിച്ചിരുന്നിട്ടും).

മദീനയോടും അവിടുത്തെ നിവാസികളോടും അവിടന്ന് പ്രകടിപ്പിച്ച സ്നേഹത്തെ സംബന്ധിച്ചും പരാമർശം ഇപ്രകാരം ലഭിക്കുന്നു: ഏകദേശം രണ്ടുമാസത്തെ യാത്രയ്ക്കുശേഷം നബിﷺതിരുമേനി മദീനയിൽ തിരിച്ചുവരികയായിരുന്നു. മദീനയോടും മദീനാനിവാസികളോടും നബിﷺതിരുമേനി എപ്രകാരം സ്നേഹം പ്രകടിപ്പിച്ചുവെന്നാൽ, മദീന പട്ടണം കണ്ടയുടൻ അവിടുന്ന് പറഞ്ഞു: **ഹാദിഹി ത്വാബത്തുൻ വ ഹാദാ ഉഹ്ദുൻ ജബലുൻ യുഹിബ്ബുനാ വ നുഹിബ്ബുഹു.**

ഇതു ത്വാബയാണ്. മദീനയ്ക്ക് ത്വാബ എന്നും പേരുണ്ട്. അതായത് പരിശുദ്ധവും വിശിഷ്ടവും ആയത്. ഇത് ഉഹുദാണ്, ഉഹുദ് പർവതമാണ്. നമ്മെ സ്നേഹിക്കുകയും നാം സ്നേഹിക്കുകയും ചെയ്യുന്ന പർവതം.*(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ഹദീഥ് 4422)*

അതായത്, മദീനയിലെ ഓരോ സ്ഥലത്തോടും നബിﷺതിരുമേനിക്ക് സ്നേഹമുണ്ടായിരുന്നു. ഉഹുദ് പർവ്വതത്തിന്റെ പേരെടുത്തപ്പോൾ, ഉഹുദ് യുദ്ധത്തിൽ സ്വഹാബാക്കൾ തങ്ങളുടെ രക്തം കൊണ്ടെഴുതിയ ആത്മാർഥതയുടെയും വിശ്വസ്തതയുടെയും കഥകൾ നബിﷺതിരുമേനി ഒരിക്കലും മറന്നില്ല എന്നൊരു പശ്ചാത്തലം കൂടിയുണ്ട്.

ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: നബിﷺതിരുമേനി പറഞ്ഞു: 'എനിക്ക് മദീനയിൽ വേഗം എത്തണം. അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും എന്നോടൊപ്പം വേഗം വരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, വേഗം വരന്നുകൊള്ളട്ടെ. തുടർന്ന് അവിടന്ന് ചോദിച്ചു: 'അൻസ്വാറിന്റെ ഏറ്റവും ഉത്തമമായ വീടുകൾ ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?'സ്വഹാബാക്കൾ പറഞ്ഞു: 'തീർച്ചയായും.'അവിടന്ന് പറഞ്ഞു:'ബനൂ നജ്ജാറിന്റെ വീടുകൾ. പിന്നെ ബനൂ അബ്ദുൽ അശ്ഹലിന്റെ വീടുകൾ. പിന്നെ ബനൂ സാഇദയുടെ അല്ലെങ്കിൽ ബനൂ ഹാരിഥ് ബിൻ ഖസ്റജിന്റെ വീടുകൾ. എല്ലാ അൻസ്വാറിന്റെ വീടുകളിലും നന്മയുണ്ട്.*(സ്വഹീഹുൽ ബുഖാരി കിതാബുസ്സക്കാത്ത് ഹദീഥ് 1481, മുത്തർജിം വാള്യം 3, പേജ് 124-125)*

ഒരു നിവേദനത്തിൽ, നിവേദകൻ പറയുന്നു: സഅ്ദ് ബിൻ ഉബാദ ؓ ഞങ്ങളുടെ അടുത്തെത്തി. അപ്പോൾ അബൂ ഉസയ്ദ്ؓപറഞ്ഞു: 'നബിﷺതിരുമേനി അൻസ്വാറിന്റെ വീടുകളുടെ ശ്രേഷ്ഠത പറയുകയും ഞങ്ങളെ അവസാനം വെക്കുകയും ചെയ്തത് താങ്കൾക്കറിയുമോ?' ഇതു കേട്ടപ്പോൾ ഹദ്റത്ത് സഅ്ദ്ؓ, നബിﷺതിരുമേനിയുടെ അടുത്തുപോയി ഇപ്രകാരം അപേക്ഷിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് അൻസ്വാറിന്റെ ഭവനങ്ങളുടെ ശ്രേഷ്ഠത പറയുകയും ഞങ്ങളെ അവസാനം വെക്കുകയും ചെയ്തല്ലോ? (പ്രശംസിച്ചു പറഞ്ഞവരിൽ അവസാന പേരായിരുന്നു അവരുടേത്. സ്വഹാബാക്കൾ അതുപോലും ശ്രദ്ധിച്ചിരുന്നു). അപ്പോൾ നബിﷺതിരുമേനി പ്രതിവചിച്ചു: 'നിങ്ങൾ നന്മയുള്ളവരിൽ (ഖയ്റുള്ളവരിൽ)പെട്ടവരാണെന്നത് നിങ്ങൾക്ക് മതിയായ കാര്യമല്ലേ? (സ്വഹീഹുൽ ബുഖാരി കിതാബുൽ മനാഖിബ് ഹദീഥ് 3791)*(സ്വഹീഹ് മുസ്‌ലിം കിതാബുൽഫളാഇൽഹദീഥ് 4216, മുത്തർജിം വാള്യം 12, പേജ് 187)*നിങ്ങളുടെ പേര് എടുത്തു പറയുകയും നന്മയുള്ളവരിൽ ഉൾപ്പെടുത്തുകയും ചെയ്തത് മതിയാകേണ്ടതാണ്).

തുടക്കത്തിൽ സൂചിപ്പിച്ചുകഴിഞ്ഞതുപോലെ, തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാതെ വിട്ടു നിന്നവർ പ്രധാനമായും രണ്ടു വിഭാഗക്കാരായിരുന്നു: ഒന്ന് മുനാഫിഖുകൾ (കപടവിശ്വാസികൾ). ഇവരോടു അല്ലാഹു തന്റെ അതൃപ്തി പ്രകടിപ്പിച്ചു. രണ്ട് വിശ്വസ്തരും ആത്മാർഥതയുള്ളവരുമായ വിശ്വാസികൾ ഇവർക്ക് ജിഹാദിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും, കടുത്ത ദാരിദ്ര്യം കാരണം യാത്രാസൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞില്ല, അല്ലെങ്കിൽ രോഗം, ദൗർബല്യം തുടങ്ങിയ ഏതെങ്കിലും കാരണങ്ങളാൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇവരുടെ ഒഴിവുകഴിവുകൾ അല്ലാഹു ഖുർആനിലെ സൂറത്തു തൗബയുടെ 91, 92 വചനങ്ങൾ പ്രകാരം സ്വീകരിച്ചു.


• ഹദീഥുന്നബ്‌വിﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ബുഖാരിയിലെ ഒരു നിവേദനത്തിൽ ഇപ്രകാരമുണ്ട്. തബൂക്ക് യുദ്ധത്തിൽനിന്ന് തിരിച്ചുവന്ന് മദീനയുടെ അടുത്തെത്തിയപ്പോൾ, നബിﷺതിരുമേനി പറഞ്ഞു:'നിങ്ങളേതൊരു യാത്ര ചെയ്യുമ്പോഴും, ഏതൊരു താഴ്‌വര താണ്ടുമ്പോഴും, മദീനയിൽ ചില ആളുകളുണ്ട്. അവർ നിങ്ങളോടൊപ്പം തന്നെയുണ്ടായിരുന്നു.'ഇതുകേട്ട് സ്വഹാബാക്കൾ അത്ഭുതം പ്രകടിപ്പിച്ചുകൊണ്ടു ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അവർ മദീനയിലായിരിക്കുമ്പോൾ ഞങ്ങളോടൊപ്പം എങ്ങനെയാണ് ഉണ്ടാകുക? അവിടുന്ന് പ്രതിവചിച്ചു: 'അവർ മദീനയിൽത്തന്നെയാണ്, പക്ഷേ രോഗം പോലുള്ള ഏതെങ്കിലും ഒരു പ്രതിബന്ധം അവരെ (പങ്കെടുക്കുന്നതിൽ നിന്ന്) തടഞ്ഞിരുന്നു.*(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ഹദീഥ് 4423)*

മറ്റൊരു നിവേദനത്തിൽ, നബിﷺ തിരുമേനി തബൂക്കിൽനിന്ന് തിരിച്ചുവന്നപ്പോൾ അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു: **അൽഹംദുലില്ലാഹി അലാമാ റസഖനാ ഫീ സഫ്‌റിനാ ഹാദാ മിൻ അജ്‌രി വ ഹസനത്തിൻവ്വമിൻ ബഅ്ദിനാ ശുറക്കാഉനാ ഫീഹി.**

നമ്മുടെ ഈ യാത്രയിൽ നമുക്ക് പ്രതിഫലവും പുണ്യവും നൽകിയ അല്ലാഹുവിനാണ് എല്ലാ സ്തുതിയും. നമ്മുടെ കൂടെ പിന്നോട്ടു പോയവരെയും അവൻ ഈ പ്രതിഫലത്തിൽ നമ്മോടൊപ്പം ചേർത്തിരിക്കുന്നു. അപ്പോൾ ഹദ്റത്ത് ആഇശرضي الله عنها ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് യാത്രയുടെ ക്ലേശങ്ങളും ദുരിതങ്ങളും സഹിക്കുകയും പ്രതിഫലത്തിന് അർഹനാകുകയും ചെയ്തു. എന്നാൽ, ക്ലേശങ്ങൾ സഹിക്കാതെ ഈ പ്രതിഫലത്തിൽ അങ്ങയോടൊപ്പം എങ്ങനെയാണ് അവർ പങ്കുചേർന്നത്? ആരാണവർ? 'അവിടന്ന് പ്രതിവചിച്ചു: 'മദീനയിൽ ചില ആളുകളുണ്ട്. നമ്മൾ ഏതൊരു സ്ഥലത്ത് പോവുകയോ ഏതൊരു താഴ്‌വരയിൽ ഇറങ്ങുകയോ ചെയ്താലും അവർ നമ്മോടൊപ്പം തന്നെയുണ്ടായിരുന്നു. നമ്മോടൊപ്പം വരുന്നതിൽനിന്ന് രോഗം അവരെ തടഞ്ഞതാണ്. നമ്മൾ അവരുടെ പോരാളികളാണ്, എന്നാൽ, വീട്ടിലിരുന്ന അവർ നമ്മുടെ സഹയാത്രികരാണ്.' കൂടാതെ അവിടന്ന് ﷺഇപ്രകാരംകൂടി പറഞ്ഞു:'എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനാണെ സത്യം! അവരുടെ പ്രാർഥന നമ്മുടെ ആയുധങ്ങളെക്കാൾ ശത്രുക്കൾക്കെതിരെ കൂടുതൽ ഫലപ്രദമാണ്.' *(അതായത്, വീട്ടിലിരുന്ന് അവർ ചെയ്ത പ്രാർഥനകൾ അല്ലാഹു സ്വീകരിച്ചു).(ഇനാറുത്തദ്ദുജാ ഫീ മഗാസി ഖയ്റുൽവറാ, വാള്യം 1, പേജ് 721–722, ദാറുൽമിൻഹാജ്) (ഇംതാഉൽ അസ്മാ വാള്യം 2, പേജ് 79, ദാറുൽകുതുബുൽ ഇൽമിയ്യ 1999)(കിതാബുൽമഗാസി ലിൽവാഖ്ദി വാള്യം 2, പേജ് 428, ദാറുൽ കുതുബുൽ ഇൽമിയ്യ 2004)*

തബൂക്ക് യുദ്ധത്തിൽനിന്ന് മടങ്ങിയെത്തിയപ്പോൾ മദീനക്കാർ നൽകിയ ഊഷ്മളമായ സ്വീകരണത്തെക്കുറിച്ചും പരാമർശമുണ്ട്. തബൂക്ക് യുദ്ധത്തിൽനിന്ന് തിരികെയെത്തിയ നബിﷺതിരുമേനിയെ സ്വീകരിക്കാൻ മദീനയിലെ പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും അവിടുത്തോടുള്ള സ്നേഹവും കാണാനുള്ള ആകാംഷയുംകൊണ്ട് ഥനിയ്യത്തുൽ വദാഇന്റെ (മദീനയുടെ അതിർത്തിയിലുള്ള ഒരു സ്ഥലം) അടുത്ത് ഒരുമിച്ചു കൂടുകയും ഈ പ്രശസ്തമായ കവിത പാടുകയും ചെയ്തു:

**ത്വലഅൽബദ്റു അലയ്നാ**
**മിൻഥനിയ്യാത്തിൽ വദായി**

**വജബശ്ശുക്റു അലയ്നാ**
**മാ ദആ ലില്ലാഹി ദായി**

പൗർണ്ണമി ചന്ദ്രൻ ഥനിയ്യത്തുൽ വദാഇന്റെ താഴ്‌വരകളിൽ ഞങ്ങൾക്കു മീതെ ഉദിച്ചിരിക്കുന്നു. അല്ലാഹുവിനെ വിളിക്കുന്നവരുള്ള കാലത്തോളം നമ്മിൽ നന്ദിപ്രകടനം നിർബന്ധമായിരിക്കുന്നു.

ആ സന്ദർഭങ്ങളിലാണ് നബിതിരുമേനിയോടുള്ള അദമ്യമായ സ്നേഹത്താൽ മദീനക്കാർ കവിത ചൊല്ലി സ്വീകരിച്ചത് രണ്ടു സന്ദർഭങ്ങളിലാണെന്നാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഒന്ന്, നബിﷺതിരുമേനി മക്കയിൽനിന്ന് മദീനയിൽ ഹിജ്റ ചെയ്തു വന്നപ്പോൾ. രണ്ട് അവിടന്ന് തബൂക്ക് യുദ്ധത്തിൽനിന്ന് തിരിച്ചെത്തി മദീനയിൽ പ്രവേശിച്ചപ്പോൾ.

ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജർ അസ്ഖലാനിയെ പോലുള്ള ചില ഹദീഥ് വ്യാഖ്യാതാക്കൾക്ക് ഒരു അഭിപ്രായമുണ്ട്. ഹദ്റത്ത് ആഇശرضي الله عنها നിവേദനം ചെയ്ത കവിത, നബിﷺ തിരുമേനിയുടെ തബൂക്ക് യുദ്ധത്തിൽനിന്നുള്ള മടക്കയാത്രയുമായി ബന്ധപ്പെട്ടതായിരിക്കാൻ സാധ്യതയുണ്ട്. കാരണം, ഥനിയ്യത്തുൽവദാഅ് എന്ന സ്ഥലത്തുവച്ചായിരുന്നല്ലോ ആളുകളും കുട്ടികളും നബിതിരുമേനിയെ വരവേറ്റിരുന്നത്. സിറിയയുടെ ഭാഗത്തുനിന്ന് വരുന്നവരെ സ്വീകരിച്ചിരുന്നത് ഇതേ സ്ഥലത്ത് വെച്ചായിരുന്നു. നബിﷺതിരുമേനി തബൂക്ക് യുദ്ധത്തിൽനിന്ന് തിരിച്ചുവരുന്ന വിവരം മദീനക്കാർ അറിഞ്ഞപ്പോൾ, സന്തോഷത്താൽ തിരുമേനിയെ സ്വീകരിക്കാൻ അവർ മദീനയ്ക്ക് പുറത്തുള്ള ആ സ്ഥലത്ത് ഇറങ്ങി വന്നു. ഹദ്റത്ത് സാഇബ് ബിൻ യസീദ് رضي الله عنهപറയുന്നു: 'ഞാനോർക്കുന്നു, നബിﷺതിരുമേനി തബൂക്ക് യുദ്ധത്തിൽനിന്ന് തിരിച്ചുവരുമ്പോൾ, ഞാനും മറ്റു കുട്ടികളോടൊപ്പം ഥനിയ്യത്തുൽ വദായിൽ സ്വീകരിക്കാൻ പോയിരുന്നു.' ഇമാം ബയ്ഹഖിയും രേഖപ്പെടുത്തിയിട്ടുണ്ട്: തിരുനബി ﷺ തബൂക്ക് യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് തിരിച്ചെത്തിയപ്പോൾ കുട്ടികൾ ഈ കവിതകൾ ചൊല്ലിയാണ് തിരുമേനിയെ വരവേറ്റത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضي الله عنهഎം.എ, പേജ് 267) (ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി പേജ് 403–404, ഓറിയന്റൽ പബ്ലിക്കേഷൻസ് 2007) (മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 100, ദാറുൽകുതുബുൽ ഇൽമിയ്യ)*

എന്തായാലും, ഈ കവിതകൾ രണ്ടു സന്ദർഭങ്ങളിലും ആലപിക്കപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്. എന്നാൽ, തബൂക്കിൽനിന്നുള്ള മടക്കയാത്രയിൽ ഇത് ആലപിക്കാനുള്ള സാധ്യത കൂടുതലാണ്. തബൂക്കിൽനിന്ന് തിരിച്ചു വരുമ്പോൾ, നേരത്തെ പറഞ്ഞതുപോലെ, മദീനക്കാർ സ്നേഹാധിക്യത്താൽ നബിതിരുമേനിയെﷺ കാണാനും വരവേൽക്കാനും വന്നതാകാം. കാരണം, മുനാഫിഖുകൾ വ്യാജവാർത്തകൾ പരത്തിയിരുന്ന ഒരു യാത്രയായിരുന്നു ഇത്. നബിﷺ തിരുമേനിയും സ്വഹാബത്തും സുരക്ഷിതരായി തിരിച്ചുവരുന്നുവെന്ന സന്തോഷവാർത്ത ലഭിച്ചപ്പോൾ, ഉണങ്ങിയ വയലിൽ വെള്ളം വീണതുപോലെ, മദീനയിലെ മുസ്ലിമീങ്ങൾ (കുട്ടികളും, വൃദ്ധരും, സ്ത്രീകളും, പുരുഷന്മാരും) സന്തോഷാധിക്യംകൊണ്ട് നബിﷺതിരുമേനിയെ സ്വീകരിക്കാൻ പുറത്തിറങ്ങിവരികയായിരുന്നു. മക്കയിൽനിന്നുള്ള ഹിജ്റയുടെ സമയത്തും ഈ കവിതകൾ ചൊല്ലിയിരിക്കാൻ സാധ്യതയുണ്ട്. ഇരു സന്ദർഭങ്ങളിലും സ്നേഹപ്രകടനങ്ങളുണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ ചർച്ചയുടെ ആവശ്യമില്ല.

എങ്കിലും, മദീനയിൽ വന്നതിനുശേഷം അവിടുത്തെ മുസ്ലിമീങ്ങൾക്ക് നബിﷺതിരുമേനിയോടുള്ള സ്നേഹത്തിന്റെ ഗ്രാഹ്യം ഹിജ്റയുടെ സമയത്തുണ്ടായിരുന്നതിനേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചു എന്ന വസ്തുത ഇവിടെ തെളിഞ്ഞിരിക്കുന്നു

ഇൻശാ അല്ലാഹ്, സീറത്തുമായി ബന്ധപ്പെട്ട മറ്റു ചില സംഭവങ്ങളും വശങ്ങളും അടുത്ത

ഖുത്ബയിൽ വിവരിക്കുന്നതായിരിക്കും. *(വിവർത്തനം: മൗലവി ആരിഫ് മുഹമ്മദ് ബി. എം)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ, 'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

ഹദീഥുന്നബവിﷺ
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവിﷺ
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HTA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 15 January 2026 Issue: 03

ACT. MANAGER
ATHAR AHMAD SHAMIM

Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്വ്ബ ജുമുഅ: 21 നവംബർ 2025

## കഴിഞ്ഞ ലക്കത്തിന്റെ ബാക്കി ഭാഗം

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ വിവരിക്കുന്നു: 'മദീനയിലെ മുനാഫിഖുകൾക്ക്, അവിടെ ഒരു യുദ്ധവും ഉണ്ടായില്ലെന്നും മുഹമ്മദ് റസൂലുല്ലാഹ്ﷺ സുരക്ഷിതമായി തിരിച്ചുവരികയാണെന്നും മനസ്സിലായപ്പോൾ, തങ്ങളുടെ കപടതന്ത്രങ്ങൾ മുഹമ്മദ് റസൂലുല്ലാഹ്ﷺക്ക് വെളിപ്പെട്ടിട്ടുണ്ടെന്നും, ഇനി തങ്ങൾ ശിക്ഷയിൽനിന്ന് രക്ഷപ്പെടില്ലെന്നും അവർക്ക് ബോധ്യമായി. അപ്പോൾ, അവർ മദീനയിൽനിന്ന് കുറച്ച് അകലെ, ഒറ്റയാൾക്ക് മാത്രം കടന്നുപോകാൻ കഴിയുന്നത്ര ഇടുങ്ങിയ ഒരു വഴിയിൽ ഏതാനും ആളുകളെ ഇരുത്തി. അവിടന്ന് ആ സ്ഥലത്തിനടുത്തെത്തിയപ്പോൾ, വഴിയുടെ ഇരുവശത്തും ശത്രുക്കൾ ഒളിച്ചിരിപ്പുണ്ടെന്ന് അല്ലാഹു വഹ്‌യിലൂടെ നബിﷺതിരുമേനിയെ അറിയിച്ചു. അവിടന്ന് ഒരു സ്വഹാബിയോട് കൽപിച്ചു: 'നീ പോയി അവിടെയെന്താണ് സ്ഥിതിയെന്ന് നോക്കുക.' അദ്ദേഹം തന്റെ വാഹനത്തെ വേഗം ഓടിച്ച് അവിടെയെത്തിയപ്പോൾ, ആക്രമിക്കാൻ തയ്യാറായി ഒളിച്ചിരിക്കുന്ന കുറച്ചാളുകളെ കണ്ടു. (ഇതിനെക്കുറിച്ച് വ്യത്യസ്ത വിവരണങ്ങളുണ്ട്. ഇത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ വിവരിച്ച ഒരു റിപ്പോർട്ടാണ്.) ആക്രമിക്കാൻ ഒരുങ്ങിയിരിക്കുന്നതുപോലെയാണ് അവർ ഇരിന്നിരുന്നത്. അവർ (സ്വഹാബി) അവിടെയെത്തിയപ്പോൾ, അവർ (മുനാഫിക്കുകൾ) അവിടെനിന്ന് ഓടിപ്പോയി. എന്നാൽ, നബിﷺതിരുമേനിക്ക് അവരെ പിന്തുടരുന്നത് ഉചിതമായി തോന്നിയില്ല.

അവിടന്ന് മദീനയിലെത്തിയപ്പോൾ, ഈ യുദ്ധത്തിൽ പങ്കെടുക്കാത്ത മുനാഫിഖുകൾ പലവിധ ഒഴികഴിവുകൾ പറയാൻ തുടങ്ങി. അവയെല്ലാം സ്വീകരിക്കുകയും ചെയ്തു. എന്നാൽ, മുനാഫിക്കുകളുടെ യാഥാർത്ഥ്യം മുസ്‌ലിങ്ങൾക്ക് വെളിപ്പെടുത്താനുള്ള സമയം വന്നെത്തിയിരുന്നു.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 362)*

അങ്ങനെ അത് വെളിപ്പെടുത്തിക്കൊടുത്തു. ചുരുക്കത്തിൽ, അവിടെ ഇരുന്നതിനെയും മുന്നോട്ട് പോയതിനെയും പ്രവർത്തിച്ചതിനെയും കുറിച്ചൊക്കെ വ്യത്യസ്ത നിവേദനങ്ങൾ ഉണ്ടെങ്കിലും, സംവത്തിന്റെ പൊരുൾ ഒന്നുതന്നെയാണ്: ആ ഇടുങ്ങിയ മലയിടുക്കിൽവെച്ച് നബിﷺതിരുമേനിക്ക് ഉപദ്രവം ഏൽപ്പിക്കാൻ ശ്രമം നടന്നു (നഊദുബില്ലാഹ്).

മുമ്പേ സൂചിപ്പിച്ചതുപോലെ, മക്കാവിജയം (ഫത്ഹ് മക്ക) നടന്നതിനുശേഷം മുനാഫിഖുകളുടെ ഗൂഢാലോചനകൾക്ക് വേഗം കൂടി. അറബികൾക്ക് ചുറ്റുമുള്ള ഗോത്രങ്ങൾ, ജൂതഗോത്രങ്ങൾ ഉൾപ്പെടെ, തങ്ങളുടെ ശക്തി നഷ്ടപ്പെട്ട് കീഴടങ്ങിയതായി അവർ കണ്ടപ്പോൾ, അറേബ്യക്ക് പുറത്തുള്ള റോമൻ ചക്രവർത്തിയെപ്പോലെയുള്ള ശക്തരായ ബാഹ്യശക്തികളിൽനിന്ന് സഹായം തേടാൻ അവർ പദ്ധതിയിട്ടു. അതോടൊപ്പം, മദീനയിൽ ഒരു സ്ഥിരമായ കേന്ദ്രം നിർമ്മിക്കാനും അവർ ആസൂത്രണം ചെയ്തു. ഇവിടെ അവർക്ക് സ്ഥിരമായി മീറ്റിംഗുകൾ നടത്താനും, ഇസ്‌ലാമിനും മുസ്‌ലിങ്ങൾക്കുമെതിരെ ഗൂഢാലോചനകൾ നടത്താനും, ആയുധങ്ങൾ ശേഖരിക്കാനും കഴിയണം. എന്നാൽ, ആ കേന്ദ്രം മറ്റു മുസ്‌ലിമീങ്ങൾക്ക് സംശയം തോന്നാത്ത ഒന്നായിരിക്കണം. അങ്ങനെ, കുറച്ചുകാലമായി പൊതുരംഗത്തുനിന്ന് അപ്രത്യക്ഷനായിരുന്ന അബൂആമിർ പെട്ടെന്ന് രംഗത്തുവന്നു. മുനാഫിഖുകൾക്കു വേണ്ടി പ്രചാരണം നടത്തുന്നവർ അദ്ദേഹത്തെ അബൂആമിർ റാഹിബ് (സന്യാസി) എന്ന് വിളിക്കാൻ തുടങ്ങി. അയാളാണ് ഈ കേന്ദ്രത്തിനുവേണ്ടി ഖുബായിൽ ഒരു മസ്ജിദ് നിർമ്മിക്കാൻ നിർദ്ദേശിച്ചത്.

അബൂ ആമിറിനെക്കുറിച്ച് ചരിത്രത്തിൽ കൂടുതൽ വിവരങ്ങൾ കാണാം. അബൂ ആമിർ റാഹിബ് എന്ന പേരിൽ പ്രസിദ്ധനായിരുന്നു. അയാൾ ഖസ്റജ് ഗോത്രത്തിൽ പെട്ടയാളായിരുന്നു. മറ്റു ഖുത്ബകളിൽ ഈ വിഷയത്തെക്കുറിച്ച് മുമ്പേ പ്രസ്താവിച്ചിട്ടുള്ളതാണ്. റസൂലുല്ലാഹ്ﷺമദീനയിലെത്തിയതിനുശേഷം അബൂ ആമിർ മക്കയിൽ പോകുകയും ഖുറയ്ശികളെ നബിﷺതിരുമേനിക്കെതിരെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. 'ഞാൻ നിങ്ങളുടെ കൂടെയുണ്ട്. എന്റെ ഗോത്രം എന്നെ അനുസരിക്കുന്നവരാണ്. നിങ്ങൾ മുഹമ്മദിനോടു യുദ്ധം ചെയ്യുമ്പോൾ ഞങ്ങൾ നിങ്ങളോടൊപ്പം ചേരും' എന്ന് അയാൾ അവരോടു പറഞ്ഞു. ഉഹുദ് യുദ്ധത്തിൽ അബൂആമിർ ഖുറയ്ശികളോടൊപ്പം ചേർന്നിരുന്നു. ഇസ്‌ലാമിന്റെ വളർച്ച കണ്ട് അബൂ ആമിർ അങ്ങേയറ്റം വിഷമിക്കുകയും അസൂയയുടെ തീയിൽ എരിയുകയും ചെയ്തു. ഉഹുദ് മൈതാനത്തിന്റെ മധ്യത്തിൽ കുഴികൾ കുഴിപ്പിച്ചവരിൽ ഒരാളായിരുന്നു ഇയാൾ. ഈ കുഴികളിലൊന്നിൽ വീണാണ് നബിﷺതിരുമേനിക്ക് ഗുരുതരമായി പരിക്കേറ്റത്. ഉഹുദ് യുദ്ധം ആരംഭിച്ചപ്പോൾ, അബൂആമിർ തന്റെ ഗോത്രക്കാരെ വിളിച്ചു പറഞ്ഞു: 'ഓ ഗോത്രക്കാരേ, ഞാൻ അബൂ ആമിറാണ്!' എന്നാൽ, അവർ അപ്പോഴേക്കും മുസ്‌ലിമീങ്ങളായി കഴിഞ്ഞിരുന്നു. അവർ മറുപടി നൽകി: 'ഫാസിഖായ മനുഷ്യാ! നിനക്ക് സ്വാഗതമില്ല! അവർ അയാളെ അപലപിക്കുകയും ശപിക്കുകയും ചെയ്തു. അപ്പോൾ അബൂ ആമിർ പറഞ്ഞു: 'എനിക്കുശേഷം എന്റെ ഗോത്രം വളരെയധികം വഴികേടിലായിപ്പോയി!' ഇതിനുശേഷം, അബൂ ആമിറിന്റെ ഗോത്രത്തിൽപ്പെട്ട നിരവധി പേർ –അവർ നബിതിരുമേനിﷺയോട് ശത്രുത വെച്ചുപുലർത്തിയിരുന്നവരായിരുന്നു- മക്കയിലേക്ക് പോയി. മുമ്പേ ഈ സംഭവം നടന്നു കഴിഞ്ഞിരുന്നു. അബൂആമിർ പോയപ്പോൾ കൂടെ മുസ്‌ലീങ്ങളല്ലാത്തവർ പോയിരുന്നു. അമ്പതോളം പേരുണ്ടായിരുന്നു അവർ. അബൂ ആമിറിനെക്കുറിച്ച് ചരിത്രത്തിൽ കൂടുതൽ വിവരങ്ങൾ കാണാം. അബൂ ആമിർ റാഹിബ് എന്ന പേരിൽ പ്രസിദ്ധനായിരുന്നു. അയാൾ ഖസ്റജ് ഗോത്രത്തിൽ പെട്ടയാളായിരുന്നു. മറ്റു ഖുത്ബകളിൽ ഈ വിഷയത്തെക്കുറിച്ച് മുമ്പേ പ്രസ്താവിച്ചിട്ടുള്ളതാണ്. റസൂലുല്ലാഹ്ﷺമദീനയിലെത്തിയതിനുശേഷം അബൂ ആമിർ മക്കയിൽ പോകുകയും ഖുറയ്ശികളെ നബിﷺതിരുമേനിക്കെതിരെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. 'ഞാൻ നിങ്ങളുടെ കൂടെയുണ്ട്. എന്റെ ഗോത്രം എന്നെ അനുസരിക്കുന്നവരാണ്. നിങ്ങൾ മുഹമ്മദിനോടു യുദ്ധം ചെയ്യുമ്പോൾ ഞങ്ങൾ നിങ്ങളോടൊപ്പം ചേരും' എന്ന് അയാൾ അവരോടു പറഞ്ഞു. ഉഹുദ് യുദ്ധത്തിൽ അബൂആമിർ ഖുറയ്ശികളോടൊപ്പം ചേർന്നിരുന്നു. ഇസ്‌ലാമിന്റെ വളർച്ച കണ്ട് അബൂ ആമിർ അങ്ങേയറ്റം വിഷമിക്കുകയും അസൂയയുടെ തീയിൽ എരിയുകയും ചെയ്തു. ഉഹുദ് മൈതാനത്തിന്റെ മധ്യത്തിൽ കുഴികൾ കുഴിപ്പിച്ചവരിൽ ഒരാളായിരുന്നു ഇയാൾ. ഈ കുഴികളിലൊന്നിൽ വീണാണ് നബിﷺതിരുമേനിക്ക് ഗുരുതരമായി പരിക്കേറ്റത്. ഉഹുദ് യുദ്ധം ആരംഭിച്ചപ്പോൾ, അബൂആമിർ തന്റെ ഗോത്രക്കാരെ വിളിച്ചു പറഞ്ഞു: 'ഓ ഗോത്രക്കാരേ, ഞാൻ അബൂ ആമിറാണ്!' എന്നാൽ, അവർ അപ്പോഴേക്കും മുസ്‌ലിമീങ്ങളായി കഴിഞ്ഞിരുന്നു. അവർ മറുപടി നൽകി: 'ഫാസിഖായ മനുഷ്യാ! നിനക്ക് സ്വാഗതമില്ല! അവർ അയാളെ അപലപിക്കുകയും ശപിക്കുകയും ചെയ്തു. അപ്പോൾ അബൂ ആമിർ പറഞ്ഞു: 'എനിക്കുശേഷം എന്റെ ഗോത്രം വളരെയധികം വഴികേടിലായിപ്പോയി!'ഇതിനുശേഷം, അബൂ ആമിറിന്റെ ഗോത്രത്തിൽപ്പെട്ട നിരവധി പേർ-അവർ നബിതിരുമേനിﷺയോട് ശത്രുത വെച്ചുപുലർത്തിയിരുന്നവരായിരുന്നു- മക്കയിലേക്ക് പോയി. മുമ്പേ ഈ സംഭവം നടന്നു കഴിഞ്ഞിരുന്നു. അബൂആമിർ പോയപ്പോൾ കൂടെ മുസ്‌ലീങ്ങളല്ലാത്തവർ പോയിരുന്നു. അമ്പതോളം പേരുണ്ടായിരുന്നു അവർ.

അബൂ ആമിറിനെതിരെയുള്ള നബി ﷺതിരുമേനിയുടെ ഒരു പ്രാർഥനയും നിവേദനങ്ങളിൽ കാണാം. നബിﷺതിരുമേനി അയാൾക്കെതിരെ ഇപ്രകാരം പ്രാർത്ഥിച്ചു: ഇവൻ സ്വന്തം നാട്ടിൽനിന്ന് അകന്ന് ആരോരുമില്ലാത്ത മരണം വരിക്കട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബിﷺതിരുമേനി മദീനയിലെ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin